# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കല്ലൂർകാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.പി8-210/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 17/04/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കല്ലൂർകാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കല്ലൂർകാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കല്ലൂർകാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.പി8-210/23 തീയ്യതി: 17/04/2023

## എറണാകുളം ജില്ലയിലെ കല്ലൂർകാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കല്ലൂർകാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-11-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ബിന്ദു എസ്. നായർ | ഡെപ്യൂട്ടി ഡയറക്ടർ | 08-02-2023 | 17-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 08-02-2023 | 17-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ എൻ.വിജയകുമാർ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീ ജോസഫ് ജോർജ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ അനീഷ് ആർ., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി സ്വപ്ന വി., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഷീന സണ്ണി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ഷൈജു വർഗ്ഗീസ് | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഹസീന പി മൊയ്തീൻ | അസി. സെക്രട്ടറി | 01-04-2021 | 31-03-2022 |
| സജി കെ എ | കൃഷി ഓഫീസർ | 01-04-2021 | 23-09-2021 |
| അശ്വതി റ്റി വാസു | കൃഷി ഓഫീസർ | 24-09-2021 | 31-03-2022 |
| ഡോ ബ്ലെസി പോൾ | മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി | 01-04-2021 | 31-03-2022 |
| ദിലീപ് കുമാർ വി എം | വി ഇ ഒ,കല്ലൂർക്കാട് | 01-04-2021 | 31-03-2022 |
| മഞ്ജുഷ പി കെ | വി ഇ ഒ,നാകപ്പുഴ | 01-04-2021 | 31-03-2022 |
| ലിൻസി ജോൺ | ഹെഡ്മിസ്ട്രസ്, പിയുപിഎസ് വെള്ളാരംകല്ല് | 01-04-2021 | 31-03-2022 |
| റഷീദ വി.എ | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2021 | 30-06-2021 |
| അശ്വതി | ഐസിഡിഎസ് സൂപ്പർവൈസർ | 01-07-2021 | 31-03-2022 |
| ജിനി പി വർഗീസ് | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| ഗീതാഞ്ജലി.ആർ.ടി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 30-11-2021 |
| ദിവ്യ.എസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 04-01-2022 | 31-03-2022 |
| ഡോ. സംഗീത പി. | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| ഡോ. ആഷാ അബ്രഹാം | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |

ഡയറി എക്സ്റ്റൻഷൻ ഓഫീസർ തസ്തിക 01.12.21 മുതൽ 03.01.22 വരെ ഒഴിവ്

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാ**ർ**ഷിക ധനകാര്യപത്രിക | 1-2 |
| 3 | വാ**ർ**ഷിക ധനകാര്യപത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തികവിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമപദ്ധതിക**ൾ** | 1-7 |
| 9 | ക്യാഷ് വെരിഫിക്കേഷ**ൻ** | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | ഗ്രാമസഭ | 1-11 |
| 13 | കരാറുകാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല | 1-12 |
| 14 | ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല | 1-13 |
| 15 | തൊഴിൽ നികുതി അപാകതകൾ | 1-14 |
| 16 | വസ്തു നികുതി- വഴി സൗകര്യത്തിന് ആനുപാതിക വർദ്ധനവ് വരുത്തിയിട്ടില്ല | 1-15 |
| 17 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയം നടത്തി | 1-16 |
| 18 | ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി വസ്തു നികുതി നിർണ്ണയം നടത്തി | 1-17 |
| 19 | മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല | 1-18 |
| 20 | ഇ-ടെണ്ടർ ഫീസ് അക്കൗണ്ട് - സർക്കാർ നിർദ്ദേശം പാലിച്ചില്ല | 1-19 |
| 21 | ഓഡിറ്റ് ഇംപാക്ട് | 1-20 |
| 22 | ഡെപ്പോസിറ്റ് രജിസ്റ്റർ- കൃത്യമായ രേഖപ്പെടുത്തലുകളില്ല,കാലഹരണപ്പെട്ട നിക്ഷേപങ്ങൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല. | 1-21 |
| 23 | സാമൂഹ്യ സുരക്ഷാ പെൻഷൻ - അപാകതകൾ | 1-22 |
| 24 | ദുരിതാശ്വാസ നിധി - പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല. | 1-23 |
| 25 | എസ്.സി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - കോഴ്സ് സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല | 1-24 |
| 26 | പൊതുടാപ്പുകളുടെ വെള്ളക്കരം - ചെലവ് കണക്കുകൾ കൃത്യമല്ല. | 1-25 |
| 27 | പഞ്ചായത്ത് വക റെസ്റ്റ് ഹൗസ് - വിവരങ്ങൾ ലഭ്യമായിട്ടില്ല | 1-26 |

| | | |
|---|---|---|
| 28 | വെള്ളാരംകല്ല് പി.യു.പി. സ്കൂൾ വൈദ്യുതീകരണം - കരാറുകാരന് അധിക തുക നൽകി | 1-27 |
| 29 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങൽ - അധിക തുക ചെലവഴിച്ചു | 1-28 |
| 30 | ബിറ്റുമിൻ ബാരൽ വില ക്രമ വിരുദ്ധമായി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നു. | 1-29 |
| 31 | മരാമത്ത് പ്രവൃത്തികൾ- പൊതുന്യൂനതകൾ | 1-30 |
| 32 | പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-31 |
| 33 | സാമൂഹികാരോഗ്യകേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല. | 1-32 |
| 34 | ഹോമിയോ മരുന്ന് വാങ്ങൽ -ഹോംകോയിൽ നിന്നും മരുന്ന് ലഭ്യമല്ല എന്നുറപ്പുവരുത്തിയില്ല. | 1-33 |
| 35 | അങ്കണവാടികളിൽ നെയിംബോർഡ് സ്ഥാപിക്കൽ - ബാക്കി തുക തിരിച്ചടച്ചില്ല | 1-34 |
| 36 | നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാരനിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയില്ല. | 1-35 |
| 37 | യഥാസമയം കരാർ ചമയ്ക്കാതിരുന്ന കരാറുകാരിൽ നിന്നും നിയമപ്രകാരമുള്ള പിഴ ഈടാക്കിയില്ല. | 1-36 |
| 38 | മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ - നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. | 1-37 |
| 39 | കുറഞ്ഞ ഉപഭോഗത്തിനും ഉയർന്ന നിരക്കിൽ വൈദ്യുതി ചാർജ്ജ് നൽകുന്നു | 1-38 |
| 40 | മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ -ചെലവുരേഖകൾ ഹാജരാക്കിയിട്ടില്ല-20000/- രൂപ തടസ്സപ്പെടുത്തുന്നു | 1-39 |
| 41 | ജീവനക്കാരുടെ ആർജിതാവധി പണമാക്കി മാറ്റൽ - തുക തടസ്സപ്പെടുത്തുന്നു. | 1-40 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | വെള്ളാരംകല്ല് പി.യു.പി സ്കൂൾ വൈദ്യുതീകരണം - കരാറുകാരന് അധിക തുക നൽകി | 3-1 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |

| | | |
|---|---|---|
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്/സർച്ചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 23.02.2021 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 1(1)ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 21.03.2022 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 6(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

ബജറ്റ് പ്രകാരമുള്ള വരവ് -ചെലവും, യഥാർത്ഥ വരവ്- ചെലവും തമ്മിൽ ഗണ്യമായ വ്യത്യാസം കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | 2021-2022 പുതുക്കിയ ബജറ്റ് പ്രകാരം | 2021-2022 വാർഷിക ധനകാര്യപത്രിക പ്രകാരം | വ്യത്യാസം |
|---|---|---|---|
| പ്രാരംഭ ബാക്കി | 785508.00 | 6154071.00 | (-)5368563.00 |
| വരവ് | 155202558.00 | 54809975.00 | 100392583.00 |
| ആകെ | 155988066.00 | 60964046.00 | 95024020.00 |
| ചെലവ് | 154805558.00 | 51852098.00 | 102953460.00 |
| നീക്കിയിരുപ്പ് | 1182508.00 | 9111948.00 | (-)7929440.00 |

ബജറ്റ് പ്രകാരമുള്ള വരവും, വാർഷിക ധനകാര്യപത്രികയിലെ വരവും തമ്മിൽ 10.03 കോടി രൂപയുടെയും, ബജറ്റ് പ്രകാരമുള്ള ചെലവും, വാർഷിക ധനകാര്യപത്രികയിലെ ചെലവും തമ്മിൽ 10.29 കോടി രൂപയുടെയും വ്യത്യാസമുണ്ട്. ബജറ്റ് യാഥാർത്ഥ്യബോധത്തോടെയും യുക്തിസഹമായും തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട അവസാനതീയതി | ലഭിച്ച തീയതി |
|---|---|
| 31.07.22 | 06.08.2022 |

നിശ്ചിത സമയപരിധിക്കുള്ളിൽ വാർഷിക ധനകാര്യപത്രിക സമർപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-2-1 വാർഷിക ധനകാര്യപത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

വാർഷിക ധനകാര്യപത്രികയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ധനകാര്യകമ്മീഷൻ ഗ്രാന്റ് (Tied ,Untied ) എന്നിവയിൽ ബാങ്ക് ബാലൻസും ബാലൻസ് ഷീറ്റിലെ ബി-4 ഷെഡ്യൂളിലെ നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല. ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നുള്ള റിക്കവറികൾ യഥാസമയം ബാങ്ക് അക്കൗണ്ടിൽ നിന്നും ബന്ധപ്പെട്ട ഹെഡുകളിലേക്ക് വരവ് വയ്ക്കാത്തത് പോലുള്ള കാരണങ്ങളാലാണ് വ്യത്യാസം സംഭവിച്ചിട്ടുള്ളത്.

2) ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യപത്രികയിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളുടെ മൂല്യം പൂർണ്ണമായും ഉൾപ്പെടുത്തിയിട്ടില്ല. പഞ്ചായത്ത് ഓഫീസ്, കളിസ്ഥലം, വിവിധ പദ്ധതികൾ സ്ഥിതിചെയ്യുന്ന സ്ഥലങ്ങൾ , അങ്കണവാടികൾ എന്നിവ ഉൾപ്പെടെയുള്ള സ്ഥാവര ആസ്തികളുടെ റവന്യൂ രേഖകൾ കൃത്യമാക്കി സൂക്ഷിക്കുകയോ മൂല്യം കണക്കാക്കി കണക്കുകളിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

3) പഞ്ചായത്തിന്റെ ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി തയ്യാറാക്കിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥർക്കും വിവിധ നിർവ്വഹണ ഏജൻസികൾക്കും നൽകിയ വിവിധ ഡെപ്പോസിറ്റുകളുടെയും വർഷം തിരിച്ചുള്ള വിവരങ്ങൾ ഉൾപ്പെടുത്തി ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ഓരോയിനത്തിലും ലഭിച്ചതും തിരികെ നൽകിയതും അവശേഷിക്കുന്നതുമായ ഡെപ്പോസിറ്റുകളുടെ വിവരം നിലവിൽ ലഭ്യമല്ല. സർക്കാർ മാർഗ്ഗ നിർദ്ദേശപ്രകാരം 3 വർഷത്തിലധികം കാലപ്പഴക്കമുള്ള ഡെപ്പോസിറ്റുകൾ തരം തിരിച്ച് തനത്ഫണ്ടിൽ മുതൽക്കൂട്ടുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്..

4) ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും നിർവ്വഹണ ഉദ്യോഗസ്ഥർക്കും വിവിധ ഏജൻസികൾക്കും നൽകിയ മുൻകൂറുകൾ സമയപരിധിക്ക് ശേഷവും തീർപ്പാക്കാതെ അവശേഷിക്കുന്നു.ഇവയുടെ കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തി അഡ്വാൻസ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. എന്നുമുതലുള്ള മുൻകൂറുകളാണ്, എത്ര രൂപ വീതമാണ് ഇനി ക്രമീകരിക്കാനുള്ളത് എന്നത് പോലുള്ള വിവരങ്ങൾ നിലവിൽ ലഭ്യമല്ല.

5) ബ്ലോക്ക് പഞ്ചായത്ത് വിഹിതം, ജില്ലാ പഞ്ചായത്ത് വിഹിതം, മറ്റ് ഗ്രാന്റുകൾ ശീർഷകങ്ങളിൽ ചെലവഴിക്കാൻ ബാക്കിയുള്ളതായി വാർഷിക കണക്കിൽ (ബാലൻസ് ഷീറ്റ് -ബി-4 ഷെഡ്യൂൾ)

ഉൾപ്പെടുത്തിയിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ചെലവഴിക്കാതെ അവശേഷിക്കുന്ന ഗ്രാന്റുകൾ തിരികെ ഒടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-3 സാമ്പത്തികവിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 6154071.00 |
| ഓഡിറ്റ് വർഷത്തെ വരവ് | 54809975.00 |
| ആകെ | 60964046.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 51852098.00 |
| നീക്കിയിരിപ്പ് | 9111948.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1671.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1473193.00 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (എസിആർ പ്രകാരം) | ആകെ | ചെലവ് (റസീപ്റ്റ് & പെയ്മെന്റ് പ്രകാരം)) | നീക്കി യിരുപ്പ്/ ചെലവഴി ക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 6704760 | 6704760 | 6614600 | 90160 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 1959667 | 1959667 | 1959667 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 110334 | 110334 | 100000 | 10334 |
| സംരക്ഷണ ഗ്രാന്റ്(റോഡ്) | 0 | 17329000 | 17329000 | 16233727 | 1095273 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 4853319 | 4853319 | 3599709 | 1253610 |
| ധനകാര്യകമ്മീഷൻ അവാർഡ് (UnTied) - ഇ-ഗ്രാം | 0 | 1535000 | 1535000 | 209449 | 1325551 |
| ധനകാര്യകമ്മീഷൻ അവാർഡ്(UnTied) - ട്രഷറി | 0 | 1181026 | 1181026 | 1059235 | 121791 |
| ധനകാര്യകമ്മീഷൻ അവാർഡ്(Tied) - ഇ-ഗ്രാം | 0 | 2302000 | 2302000 | 1795016 | 506984 |
| ധനകാര്യകമ്മീഷൻ അവാർഡ്(Tied) - ട്രഷറി | 0 | 2974180 | 2974180 | 1773882 | 1200298 |
| കേന്ദ്രാവിഷ്കൃതഫണ്ട്- | | | | | |
| ഐസിഡിഎസ് | 47366 | 447644 | 495010 | 484662 | 10348 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | പദ്ധതി ച്ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 157 | 72518354 | 139 | 24 | 40198544 | 18 | 115 | 73.25 |

## 1-6 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 4958 | 387860 | 392818 | 392767 | 51 |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താ ക്കൾക്ക് നേരിട്ട് നൽകുന്നത് (റവന്യൂ-മൂലധന ചെലവുകൾ ഉൾപ്പെടെ) | 0 | 16330324 | 16330324 | 16330324 | 0 |
| | 4958 | 16718184 | 16723142 | 16723091 | 51 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപെൻഷൻ | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകത്തൊഴിലാളി പെൻഷൻ | 2834700 | 186 |
| വാർദ്ധക്യകാലപെൻഷൻ | 18234000 | 1316 |
| വിധവാപെൻഷൻ | 5203200 | 354 |
| വികലാംഗപെൻഷൻ | 2351600 | 157 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 30000 | 1 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 699200 | 48 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.02.2023 തീയതിയിൽ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 52310/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. തപാലുകൾ ലഭിക്കുന്നതും അവയുടെ വിതരണവും സംബന്ധിച്ച വിവരങ്ങൾ സൂചികയിൽ നിന്നും ലഭ്യമാണെങ്കിലും അവയുടെ തീർപ്പാക്കൽ വിവരങ്ങൾ പൂർണ്ണമായും സൂചികയിൽ നിന്നും ലഭ്യമാകുന്നില്ല.

2. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3. മരാമത്ത് പ്രവൃത്തികളുടെ യഥാസമയമുള്ള പൂർത്തീകരണം ഉറപ്പാക്കുന്നില്ല.

4. പഞ്ചായത്തിലെ ഇലക്ട്രോണിക് ഉപകരണങ്ങളുടേയും, മറ്റ് സാമഗ്രികളുടേയും സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി വാർഷിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

5.ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വർഷംതോറും ഭീമമായ തുകകൾ വിവിധ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്യുന്നുണ്ടെങ്കിലും പദ്ധതികളുടെ യഥാസമയത്തുള്ള പൂർത്തീകരണം ഉറപ്പാക്കപ്പെടുന്നില്ല.

6.സാമൂഹ്യ ക്ഷേമ പെൻഷനുകളുടെ വിതരണവുമായി ബന്ധപ്പെട്ട് കൃത്യമായ മസ്റ്ററിംഗ് യഥാസമയം ചെയ്യപ്പെടാത്തതുമൂലം പല ഗുണഭോക്താക്കൾക്കും മരണശേഷവും അവരുടെ അക്കൗണ്ടിലേയ്ക്ക് പെൻഷൻ തുക നൽകിയിട്ടുണ്ട്.

7.ഉപയോഗിക്കുന്ന തെരുവ് വിളക്കുകൾക്കനുസൃതമായല്ല കറന്റ് ചാർജ്ജ് ഈടാക്കുന്നത്. കൂടിയ നിരക്കിൽ കറന്റ് ചാർജ്ജ് ഈടാക്കുന്നത് പഞ്ചായത്തിന് അധിക ചെലവുണ്ടാക്കുന്നു.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 04/03/2022 മുതൽ 08/03/2022 വരെ | 11.01.2020 മുതൽ 30.09.2020വരെ | റിപ്പോർട്ട് ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.11.2012 മുതൽ 27.11.2012 വരെ | 2007-08 മുതൽ 2011-12വരെ | 10.01.2013 |

1-11 ഗ്രാമസഭ

2022 വർഷത്തിൽ പഞ്ചായത്തിലെ 14 വാർഡുകളിലും രണ്ട് തവണ ഗ്രാമസഭകൾ കൂടിയിട്ടുണ്ട്. ഗ്രാമസഭ ക്വാറം തികഞ്ഞാണ് കൂടിയിട്ടുള്ളത്. 2022-23 പദ്ധതി രൂപീകരണത്തിന്റെ ഭാഗമായിട്ടാണ് ഗ്രാമസഭ കൂടിയിട്ടുള്ളത്. മിനിറ്റ്സ് ബുക്കുകൾ വേണ്ട രേഖപ്പെടുത്തലുകൾ നടത്തി ഭംഗിയായി സൂക്ഷിച്ചിട്ടുണ്ട്.

1-12 കരാറുകാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ വിവിധ മരാമത്ത് പ്രവർത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കരാറുകാരന്റെ പേര് |
|---|---|
| 1 | മൻസൂർ .പി.എം., പറമ്പിൽ |
| 2 | പ്രസാദ് .എം.ജി., മറ്റത്തിൽ |
| 3 | സത്യം.ഡി., എനാനിക്കൽ |
| 4 | ജോസഫ് ജയിംസ്, താഴത്തുവീട്ടിൽ |
| 5 | അജി പി.എസ്., പാണ്ഡ്യൻ മലയിൽ |
| 6 | അനീഷ് ചെറിയാൻ, മേത്രല |
| 7 | പ്രവീൺ വർഗ്ഗീസ്, മുടക്കാലിൽ |
| 8 | എം.ബഷീർ, തങ്ങനാൽ |
| 9 | സോജൻ എൻ.സി., നെടുംകാലിൽ |
| 10 | റോബി ബാബു, ചെറുവുകാലായിൽ |
| 11 | എൽദോ കെ.എം., കുവച്ചിറങ്ങര |
| 12 | ജോസ് എം.ജെ., മുടക്കാലിൽ |
| 13 | മുഹമ്മദ്.പി.എം., പള്ളിച്ചാലിൽ |
| 14 | മുഫീദ് .കെ.കെ., കുറ്റിയാണിക്കൽ |
| 15 | തോമസ് ജോർജ്, നെടുംകാട്ട് |
| 16 | ജോർജ് ജോസഫ്, പാലക്കുഴിയിൽ |
| 17 | ഷാരോൺ മുഹമ്മദ്.ഇ.എച്ച്., എലവുംകാട്ട് പുത്തൻപുര |
| 18 | ബിജു ജോസഫ്, ചെമ്പകശ്ശേരിൽ |
| 19 | അബൂബക്കർ ഇ.എസ്., ഇടശ്ശേരിക്കുടിയിൽ |
| 20 | ബിജു പോൾ, ചെമ്മാനം തലയിൽ |
| 21 | ഷാജു ജോസഫ്, കൊച്ചുമുട്ടം |
| 22 | ബിജു സി.കെ., ചൂണ്ടയിൽ |
| 23 | നൗഷാദ് എം.ഐ., മൂലയിൽ |
| 24 | ബഷീർ എം., തൊങ്ങനാൽ |
| 25 | ബാബു എം.ജി., ശ്രീശിവം |
| 26 | എൽദോസ് പൗലോസ്, ചുള്ളപ്പിള്ളിൽ |
| 27 | ലിൻസ് .ജെ അയ്യൻകാലിൽ, അയ്യങ്കാലിൽ |
| 28 | വാസുദേവൻ എ.കെ., അനശ്ശേരിൽ |

മേൽ കരാറുകാരിൽ നിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.25/16.2.2023) മറുപടി ലഭ്യമായിട്ടില്ല. മേൽ

കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്

1-13 ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു (2021-22 രണ്ട് അർദ്ധവർഷത്തേയും)

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം | ലൈസൻസ് നമ്പർ |
|---|---|---|---|
| 1 | മാർബേസിൽ സോമിൽ | 4 | 1/2021-22 |
| 2 | കണ്ണിക്കാട്ട് ടെക്ലോക്രാഫ്റ്റ് | 4 | 16/2021-22 |
| 3 | മൂന്ന് പൂക്കൾ ഹോളോബ്രിക്സ് , | 4 | 18/2021-22 |
| 4 | ചക്കാലക്കുടിയിൽ സോമിൽ, കല്ലൂർക്കാട് | 4 | 51/2021-22 |
| 5 | കണ്ണിക്കാട്ട് ട്രേഡേഴ്സ് ലിങ്ക്സ്, കല്ലൂർക്കാട് | 5 | 34/2021-22 |
| 6 | ടിൻ ടിൻ പേപ്പർ പ്രോഡക്ട്സ്, തഴുവംകുന്ന് | 8 | 61/2021-22 |
| 7 | ദ ഡിസൈൻ വേഴ്സസ് ബൈ ഡിബി കോർപ്പ്,കല്ലൂർ | 4 | 69/2021-22 |
| 8 | അമല പെട്രോ പാർക്ക് , പെട്രോൾ പമ്പ് | 3 | 76/2021-22 |
| 9 | പ്രൈം ഇലക്ട്രിക്കൽസ് & പ്ലബിംഗ് മെറ്റീരിയൽസ് | 4 | 95/2021-22 |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/13.2.2023) മറുപടി ലഭ്യമായിട്ടില്ല. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

1-14 തൊഴിൽ നികുതി അപാകതകൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 മുതൽ 205 വരെയുള്ള വകുപ്പുകൾ പ്രകാരം ഒരു വ്യക്തി ഒരു അർദ്ധവർഷം തുടർച്ചയായോ, പലപ്പോഴായോ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽനികുതിക്ക് വിധേയനാകും. എന്നാൽ ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളുടെ 2021-22 സാമ്പത്തിക വർഷത്തെ (രണ്ട് അർദ്ധവർഷത്തേയും)തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.
1)സ്ഥാപനതൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | മാനേജർ, സൗത്ത് ഇൻഡ്യൻ ബാങ്ക് ,കല്ലൂർ | 2021-22 രണ്ടാം അർദ്ധവർഷം |
| 2 | മാനേജർ ,മിനി മുത്തൂറ്റ് നിധി ലിമിറ്റഡ് ,കല്ലൂർ | 2021-22 രണ്ടാം അർദ്ധവർഷം |
| 3 | എസ്.ബി.ഐ കല്ലൂർക്കാട് | 2021-22 ഒന്നും രണ്ടും അർദ്ധവർഷം |
| 4 | യൂണിയൻ ബാങ്ക് , കല്ലൂർക്കാട് | 2021-22 രണ്ടാം അർദ്ധവർഷം |
| 5 | ഫെഡറൽ ബാങ്ക് ,കല്ലൂർ | 2021-22 രണ്ടാം അർദ്ധവർഷം |

2) സൗത്ത് ഇൻഡ്യൻ ബാങ്ക്, കല്ലൂർ -ന്റെ 2021-22 രണ്ടാം അർദ്ധവർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.
മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1/9.2.2023) ലഭ്യമായ മറുപടിയിൽ മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ക്രമ നം.2 പ്രകാരമുള്ള അപാകതയ്ക്ക് മറുപടി ലഭ്യമായിട്ടില്ല. മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

1-15 വസ്തു നികുതി- വഴി സൗകര്യത്തിന് ആനുപാതിക വർദ്ധനവ് വരുത്തിയിട്ടില്ല

2013 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ഭേദഗതി ചട്ടങ്ങളിലെ പട്ടിക 2 പ്രകാരം 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള വഴി സൗകര്യത്തിന്, അടിസ്ഥാന വസ്തു നികുതിയിൽ 20% വർദ്ധന വരുത്തേണ്ടതാണ്. 2022 ഒന്നാം അർദ്ധ വർഷം ഒക്യുപൻസി അനുവദിച്ച കെട്ടിടത്തിൽ ഇപ്രകാരം വർദ്ധന വരുത്താത്തതിനാൽ വസ്തു നികുതി നിർണ്ണയത്തിൽ കുറവ് വന്നിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | തറ വിസ്തീർണ്ണം, അടിസ്ഥാന | പ്ലോട്ടിനോട് ചേർന്ന | വാർഷിക വസ്തു | ഈടാക്കേണ്ടിയിരുന്ന | കുറവ് (രൂപ) |
|---|---|---|---|---|---|

| | വസ്തുനികുതി | വഴിയുടെ വീതി അപ്രൂവ്ഡ് പ്ലാൻ പ്രകാരം (മീറ്റർ) | നികുതി ഇളവുകൾക്കും, വർദ്ധനക്കും ശേഷം നിർണ്ണയിച്ചത് (അടിസ്ഥാന വസ്തുനികുതി+ വർദ്ധന- ഇളവ്) | വാർഷിക വസ്തു നികുതി | |
|---|---|---|---|---|---|
| 4/367 H | 26.63ച.മീ | 10 | 1533/- | 1838 | 305/- |
| 4/367 I | 33.95 ച.മീ | 10 | 1953/- | 2343/- | 390/- |
| 4/367 J | 33.95 ച.മീ | 10 | 1953/- | 2343/- | 390/- |
| 4/367K | 26.63 ച.മീ | 10 | 1533/- | 1838/- | 305/- |
| 4/367L | 26.63 ച.മീ | 10 | 1533/- | 1838/- | 305/- |
| ആകെ കുറവ് | | | | | 1695/- |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.26/16.2.2023) മറുപടി ലഭ്യമായിട്ടില്ല. മേൽ കെട്ടിടത്തിന്റെ വസ്തു നികുതി പുനർ നിർണ്ണയിച്ച് ഈടാക്കിയതിൽ കുറവു വന്ന തുക ഈടാക്കി സഞ്ചയയിൽ ആവശ്യമായ മാറ്റം വരുത്തി ഫോം -6 സഹിതം രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-16 വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയം നടത്തി

1) 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും, സേവന ഉപനികുതിയും, സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം കല്ലർക്കാട് ഗ്രാമപഞ്ചായത്ത് വാണിജ്യാവശ്യത്തിനുള്ള 200 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾക്ക് ചതുരശ്ര മീറ്ററിന് 60/- രൂപയായും, വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൗൺ എന്നിവക്ക് ചതുരശ്ര മീറ്ററിന് 40/- രൂപയായും നികുതിനിരക്ക് നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ, 2013 ഒന്നാം അർദ്ധവർഷത്തിൽ നികുതിനിർണ്ണയം നടത്തിയ 200 ച.മീറ്റർ വരെ തറവിസ്തൃതിയുള്ള 4/122 H മുതൽ M വരെയുള്ള വാണിജ്യാവശ്യത്തിനുള്ള സൂപ്പർമാർക്കറ്റ് വിഭാഗത്തിൽപെടുന്ന കെട്ടിടത്തിന് വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഷോപ്പുകൾക്ക് ബാധകമായ 40/- രൂപ നിരക്കിലാണ് വസ്തു നികുതി നിർണ്ണയം നടത്തി ഈടാക്കിയത്. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ/ വിസ്തൃതി (ച.മി.) | ച. മീറ്ററിന് 60/- രൂപ നിരക്കിൽ നിർണ്ണയിക്കേണ്ടിയിരുന്ന നികുതി (10% ഇളവ് ,20% വർദ്ധന, ലൈബ്രറി സെസ്, 10% സർവീസ് ചാർജ് ഉൾപ്പെടെ) | ച. മീറ്ററിന് 40/- രൂപ നിരക്കിൽ നിർണ്ണയിച്ച നികുതി (10% ഇളവ് , 20% വർദ്ധന ലൈബ്രറി സെസ്,10% സർവീസ് ചാർജ് ഉൾപ്പെടെ) | ഈടാക്കിയതിൽ കുറവ് |
|---|---|---|---|---|
| 1 | 4/122 H/ 48.78 | 2927-293+585+161+322=3702 | 1951-195+390+107+215 = 2468 | 1234/- |
| 2 | 4/122 /I 26.46 | 1588-159+318+87+175=2009 | 1058-106+212+58+116 = 1338 | 671/- |
| 3 | 4/122 /J 26.46 | 1588-159+318+87+175=2009 | 1058-106+212+58+116 = 1338 | 671/- |
| 4 | 4/122 /K 26.46 | 1588-159+318+87+175=2009 | 1058-106+212+58+116 = 1338 | 671/- |
| 5 | 4/122 /L 61.95 | 3717-372+743+204+409=4701 | 2478-248+496+136+273 = 3135 | 1566/- |
| 6 | 4/122 /M 30.97 | 1858-186+372+102+204=2350 | 1239-124+248+68+136 = 1567 | 783/- |

| | | | | |
|---|---|---|---|---|
| | ആകെ കുറവ് | | | 5596/- |

2) 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും, സേവന ഉപനികുതിയും, സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം കല്ലൂർക്കാട് ഗ്രാമപഞ്ചായത്ത് വാണിജ്യാവശ്യത്തിനുള്ള 200ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾക്ക് ചതുരശ്ര മീറ്ററിന് 60/- രൂപയായും, വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൗൺ എന്നിവക്ക് ചതുരശ്ര മീറ്ററിന് 50/- രൂപയായും നികുതിനിരക്ക് നിശ്ചയിച്ചിട്ടുണ്ട്. 2018 ഒന്നാം അർദ്ധവർഷത്തിൽ നികുതിനിർണ്ണയം നടത്തിയ 200 ച.മീറ്റർ വരെ തറവിസ്തൃതിയുള്ള 12/647 A നമ്പർ വാണിജ്യാവശ്യത്തിനുള്ള സൂപ്പർമാർക്കറ്റ് വിഭാഗത്തിൽപെടുന്ന ടി കെട്ടിടത്തിന് വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഷോപ്പുകൾക്ക് ബാധകമായ 50/- രൂപ നിരക്കിലാണ് വസ്തു നികുതി നിർണ്ണയം നടത്തി ഈടാക്കിയത്. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| വിസ്തൃതി (ച.മി.) | ച. മീറ്ററിന് 60/- രൂപ നിരക്കിൽ നിർണ്ണയിക്കേണ്ടിയിരുന്ന നികുതി (20% വർദ്ധനവ്, ലൈബ്രറി സെസ് , 10% സർവീസ് ചാർജ് ഉൾപ്പെടെ ) | ച. മീറ്ററിന് 50/- രൂപ നിരക്കിൽ നിർണ്ണയിച്ച നികുതി (20% വർദ്ധനവ്, ലൈബ്രറി സെസ്, 10%സർവീസ് ചാർജ് ഉൾപ്പെടെ ) | ഈടാക്കിയതിൽ കുറവ് |
|---|---|---|---|
| 113.79 | 6827+1365+410+819=9421/- | 5690+1138+341+683=7852/- (സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം വാർഷിക വസ്തുനികുതിയായി 3930/- രൂപയാണ് 2018 ഒന്നാം അർദ്ധവർഷം മുതൽ ഈടാക്കിയിരിക്കുന്നത്) | 9421-3930=5491/- |

(എ) സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ നിന്നും മേൽ കെട്ടിടത്തിന് 2018 ഒന്നാം അർദ്ധവർഷം മുതൽ ഘടനാപരമായ മാറ്റം വന്നിട്ടുള്ളതായി കാണിച്ചിട്ടുണ്ട്. എന്നാൽ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി ച. മീറ്ററിന് 50/- രൂപനിരക്കിൽ നിർണ്ണയിച്ചപ്പോൾ തന്നെ 7852/- രൂപ വാർഷിക വസ്തു നികുതിയായി ഈടാക്കേണ്ടതിനു പകരം 3930/- രൂപയാണ് വാർഷിക വസ്തുനികുതിയായി 2018 ഒന്നാം അർദ്ധവർഷം മുതൽ ഈടാക്കിയിരിക്കുന്നത്.
(ബി) ടി കെട്ടിടത്തിന് ച. മീറ്ററിന് 60/- രൂപ നിരക്കിൽ 9421/-രൂപ വാർഷിക വസ്തുനികുതിയായി നിർണ്ണയിച്ച് ഈടാക്കിയിട്ടില്ല.
മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14/13.2.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ക്രമ നം.1, 2-ലെ അപാകതകൾ പരിഹരിച്ച് വസ്തു നികുതി പുനർനിർണ്ണയം നടത്തി ഈടാക്കിയതിൽ കുറവ് വന്ന തുക കുടിശ്ശിക സഹിതം ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്. കൂടാതെ സഞ്ചയയിലും ആവശ്യമായ മാറ്റം വരുത്തി ഫോം -6 സഹിതം രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

1-17 ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി വസ്തു നികുതി നിർണ്ണയം നടത്തി

2011ലെ കേരള പഞ്ചാത്ത് രാജ് (വസ്തു നികുതിയും, സേവന ഉപനികുതിയും, സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം കല്ലൂർക്കാട് ഗ്രാമപഞ്ചായത്ത് ഇതര വ്യവസായാവശ്യങ്ങൾക്കുള്ള – കെട്ടിടങ്ങൾക്ക് ചതുരശ്രമീറ്ററിന് 50/- രൂപയായും വ്യവസായ ആവശ്യങ്ങൾക്കുള്ളവ -കൈത്തറി ഷെഡ്,കയർ പിരി ഷെഡ്, കോഴി വളർത്തൽ ഷെഡ്, സ്റ്റോറേജ് ഷെഡ് മുതലായവക്ക് ചതുരശ്ര മീറ്ററിന് 15/- രൂപയായും വസ്തുനികുതി നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ, 2015 രണ്ടാം അർദ്ധവർഷത്തിൽ നികുതി നിർണ്ണയം നടത്തിയ 69.64 ച.മീറ്റർ തറവിസ്തൃതിയുള്ള ഇതരവ്യവസായാവശ്യങ്ങൾക്കുള്ള വിഭാഗത്തിൽപ്പെടുന്ന 12/571 A നമ്പർ വെൽഡിംഗ് എഞ്ചിനീയറിംഗ് വർക്ക് ഷോപ്പിന് വ്യവസായ ആവശ്യങ്ങൾക്കുള്ളവ – സ്റ്റോറേജ് ഷെഡിൽ ഉൾപ്പെടുത്തി ബാധകമായ 15/- രൂപ നിരക്കിലാണ് വസ്തു നികുതി നിർണ്ണയം നടത്തി ഈടാക്കിയത്. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| വിസ്തൃതി (ച.മി.) | ച. മീറ്ററിന് 50/- രൂപ നിരക്കിൽ നിർണ്ണയിക്കേണ്ടിയിരുന്ന നികുതി (20% വർദ്ധനവ്, 20% ഇളവ് , ലൈബ്രറി സെസ്, 10% സർവീസ് ചാർജ് ഉൾപ്പെടെ ) | ച. മീറ്ററിന് 15/- രൂപ നിരക്കിൽ നിർണ്ണയിച്ച നികുതി (20% വർദ്ധനവ്, 20% ഇളവ് , ലൈബ്രറി സെസ്, 10% സർവീസ് ചാർജ് ഉൾപ്പെടെ) | ഈടാക്കിയതിൽ കുറവ് |
|---|---|---|---|

| | | | |
|---|---|---|---|
| 69.64 | 3482+696-696+174+348=4004/- | 1045+209-209+52+105=1202/- | 2802/- |

മേൽ സൂചിപ്പിച്ച കെട്ടിടത്തിന്റെ വസ്തുനികുതി കുറഞ്ഞ നിരക്കിൽ നിർണ്ണയിച്ച് ഈടാക്കിയതിന് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.13/13.2.2023) മറുപടി ലഭ്യമായിട്ടില്ല. വസ്തുനികുതിയിനത്തിൽ ഈടാക്കിയതിൽ കുറവ് വന്ന തുകയായ 2802/- രൂപ കുടിശ്ശിക സഹിതം ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്. സഞ്ചയയിൽ ആവശ്യമായ മാറ്റം വരുത്തി ഫോം-6 സഹിതം പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

1-18 മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ചുവടെ കൊടുത്തിരിക്കുന്ന മൊബൈൽ ടവറുകളുടെ തൻവർഷത്തെ വസ്തു നികുതി, വസ്തുനികുതി കുടിശ്ശിക എന്നിവ ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര്/ കെട്ടിട നം. | വസ്തു നികുതി കുടിശ്ശിക കാലയളവ് | ഈടാക്കേണ്ട തുക |
|---|---|---|---|
| 1 | ബി.എസ്.എൻ.എൽ. ടവർ, കല്ലൂർ – /4/184 | 2013 Ist Half മുതൽ - 2022 IInd Halfവരെ | 36500/- |
| 2 | എം/എസ് റിലയൻസ് കമ്മ്യൂണിക്കേഷൻ ലിമിറ്റഡ് – 12/564/A | 2020 2nd Half മുതൽ - 2022 IInd Halfവരെ | 32761/- |
| 3 | എം/എസ് ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് – 12/591 | 2020 Ist Half മുതൽ - 2022 IInd Halfവരെ | 38193/- |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.16/13.2.2023) മറുപടി ലഭ്യമായിട്ടില്ല. മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശികസഹിതം ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

1-19 ഇ-ടെണ്ടർ ഫീസ് അക്കൗണ്ട് - സർക്കാർ നിർദ്ദേശം പാലിച്ചില്ല

തസ്വഭവ ചീഫ് എഞ്ചിനിയറുടെ 17.8.17 ലെ ഡിബി1/7942/2010/സി ഇ/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം നിലവിൽ ഇ- ടെണ്ടറിന്റെ ആവശ്യത്തിനായി അക്കൗണ്ടില്ലാത്ത എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനിയറിംഗ് വകുപ്പ് മേധാവികളും (ഗ്രാമ പഞ്ചായത്തുകളും, ബ്ലോക്ക് പഞ്ചായത്തുകളും ) എസ്.ബി.ഐ ശാഖയിൽ ഔദ്യോഗിക മേൽ വിലാസത്തിൽ ഒരു കറന്റ് അക്കൗണ്ട് തുടങ്ങേണ്ടതാണെന്നും, നിലവിൽ എസ്.ബി.ഐ ശാഖയിൽ കറന്റ് അക്കൗണ്ട് ഉള്ളപക്ഷം ആയത് ഇതിനുവേണ്ടി ഉപയോഗിക്കാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട് എന്നാൽ പ്രസ്തുത ആവശ്യത്തിനായി ഗ്രാമപഞ്ചായത്ത് അസി.എഞ്ചിനിയറുടെ പേരിൽ എസ്.ബി.ഐ കല്ലൂർക്കാട് ശാഖയിൽ നിലവിലുണ്ടായിരുന്ന *സേവിംഗ്സ് അക്കൗണ്ടാണ്* ഉപയോഗിച്ചിട്ടുള്ളത്. (നം. 67051912806) ടി അക്കൗണ്ടിൽ ഇ ടെണ്ടർ ഇനത്തിലുള്ള തുക ക്രെഡിറ്റ് വന്നിട്ടുള്ളത് 25.1.2023 മുതലാണ്. പ്രസ്തുത അക്കൗണ്ടിലെ 25.1.23 ലെ നീക്കിയിരുപ്പ് 81785/- രൂപയാണ്. (ഇ ടെണ്ടർ ക്രെഡിറ്റ് വരുന്നതിനു മുമ്പുള്ള നീക്കിയിരുപ്പ് 23270/- രൂപയുൾപ്പെടെ) ടി തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മാറ്റിയിട്ടില്ല.
അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.5/21-22) അസി.എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ നിലവിലുണ്ടായിരുന്ന എസ്.ബി അക്കൗണ്ടിലേയ്ക്ക് ഇ ടെണ്ടർ മാപ്പ് ചെയ്തു പോയതാണെന്നും, 2023 ജനുവരിയിൽ പുതുതായി കറന്റ് അക്കൗണ്ട് ആരംഭിച്ചിട്ടുള്ളതായും തുടർന്നുള്ള ഇ-ടെണ്ടർ നടപടികൾ പ്രസ്തുത അക്കൗണ്ടിലൂടെ നടത്തുന്നതാണെന്നും, നീക്കിയിരുപ്പ് തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ഒടുക്കുന്നതാണെന്നും, അറിയിച്ചിട്ടുണ്ട്. ടി വിഷയത്തിൽ സ്വീകരിക്കുന്ന നടപടികൾ യഥാസമയം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-20 ഓഡിറ്റ് ഇംപാക്ട്

ഗ്രാമപഞ്ചായത്തിലെ ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2021-22 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവു വന്ന തുകയായ 1176/- രൂപ ഓഡിറ്റ് എൻക്വയറി (നം.1/9.2.2023) പ്രകാരം പഞ്ചായത്തു ഫണ്ടിൽ അടവാക്കി .

| ക്രമ നം | സ്ഥാപനം/ ജീവനക്കാരന്റെ പേര് | അർദ്ധവാർഷിക വരുമാനം | ഈടാക്കിയ തുക/രസീത് നമ്പർ | അർദ്ധവർഷം |
|---|---|---|---|---|
| 1 | കല്ലൂർക്കാട് ക്ഷീരസഹകരണസംഘം /വി.ജെ റീനി | 79200/- | 176/- 1220201909/ 16.2.2023 | ഒന്നാം അർദ്ധവർഷം |
| 2 | സപ്ലൈക്കോ മെഡിക്കൽ സ്റ്റോർ,കല്ലൂർക്കാട് / | 101400/- | 278/- 1220201908/ | രണ്ടാം അർദ്ധവർഷം |

| | | | | |
|---|---|---|---|---|
| | തസ്നി ഇ.എം | | 16.2.2023 | |
| 3 | പി.യു.പി.എസ് മരുതുർ/സ്വാതി ജോസ് | 161142/- | 722/- 1220201910/ 16.2.2023 | രണ്ടാം അർദ്ധവർഷം |
| | ആകെ | | 1176/- | |

## 1-21 ഡെപ്പോസിറ്റ് രജിസ്റ്റർ- കൃത്യമായ രേഖപ്പെടുത്തലുകളില്ല,കാലഹരണപ്പെട്ട നിക്ഷേപങ്ങൾ തനത് ഫണ്ടിലേക്ക് മുതൽക്കുട്ടിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ B-7 ഷെഡ്യൂൾ പ്രകാരമുള്ള വിവിധ ഡെപ്പോസിറ്റുകളുടെ നീക്കിയിരിപ്പ് തുക 7,71,008/-രൂപയാണ്. ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 1988-89 മുതലുള്ള ഡെപ്പോസിറ്റ് നിലനിൽക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. എന്നാൽ കോൺട്രാക്ടർമാരുടെ ഇ.എം.ഡി, സെക്യൂരിറ്റി ഡെപ്പോസിറ്റ്, റിട്ടെൻഷൻ, സപ്ലെയർമാരുടെ ഇ.എം.ഡി, സെക്യൂരിറ്റി ഡെപ്പോസിറ്റ്, റിട്ടെൻഷൻ, ലേല ഡെപ്പോസിറ്റ് എന്നിങ്ങനെ വിവിധയിനങ്ങളിൽ ഗ്രാമപഞ്ചായത്തിൽ ലഭിച്ചതും തിരികെ നൽകിയതുമായ തുകകൾ പ്രത്യേകമായി രേഖപ്പെടുത്തുകയോ, ഇവയുടെ ആകെ തുകകൾ രേഖപ്പെടുത്തുകയോ, വർഷാവസാനത്തിലുള്ള ഓരോ ഇനത്തിന്റെയും സംക്ഷിപ്തം രേഖപ്പെടുത്തുകയോ, ഓരോയിനത്തിന്റെയും നീക്കിയിരിപ്പ് തുകയുടെ വർഷം തിരിച്ചുള്ള വിവരങ്ങൾ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. കൂടാതെ ഓരോ വർഷവും തിരികെ നൽകുന്ന ഡെപ്പോസിറ്റുകളുടെ വൗച്ചർ നമ്പർ, ചെക്ക് നമ്പർ, തീയതി എന്നിവയും രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുന്നില്ല.

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 282 അനുസരിച്ച് ഡെപ്പോസിറ്റ് ചെയ്ത തുക മൂന്ന് സാമ്പത്തിക വർഷങ്ങൾക്കു ശേഷവും തിരികെ നൽകാത്ത സാഹചര്യങ്ങളിൽ അത്തരം ഡെപ്പോസിറ്റ് തുകകൾ കാലഹരണപ്പെട്ടതായി കണക്കാക്കുന്നതിനും സർക്കാർ ഫണ്ടിലേക്ക് മുതൽക്കൂട്ടാനും നിർദ്ദേശിച്ചിട്ടുള്ളതാണ്. ആയത് പ്രകാരം 2017-18 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ വാടക നിക്ഷേപം ഒഴികെയുള്ള ഡെപ്പോസിറ്റുകൾ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണെങ്കിലും ഇതിനും 30 വർഷങ്ങൾക്ക് മുമ്പുള്ള നിക്ഷേപങ്ങൾ വരെ ഗ്രാമപഞ്ചായത്ത് ഡെപ്പോസിറ്റായി നിലനിർത്തിയിട്ടുണ്ട്. ഡെപ്പോസിറ്റ് രജിസ്റ്ററിൽ നീക്കിയിരിപ്പ് തുകയുടെ വർഷം തിരിച്ചുള്ള വിവരങ്ങൾ എഴുതി തയ്യാറാക്കിയിട്ടില്ലാത്തതിനാൽ കാലഹരണപ്പെട്ട തുകയുടെ കൃത്യമായ വിവരങ്ങൾ കണക്കാക്കാൻ സാധിച്ചിട്ടില്ല.
ഈ കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന് (നം-12 – Dtd 13/02/2023) ഹാജരാക്കിയ മറുപടിയിൽ ഏതാനും ശീർഷകങ്ങളിലെ തുകകൾ 2022-23 സാമ്പത്തികവർഷം തനത്ഫണ്ടിലേക്ക് മുതൽക്കൂട്ടിയതായി അറിയിച്ചിട്ടുണ്ട്. എന്നാൽ ഈയിനങ്ങളുടെ വിശദാംശങ്ങളൊന്നും ലഭ്യമാക്കിയിട്ടില്ല. ഓരോയിനം ഡെപ്പോസിറ്റുകളുടെയും വർഷം തിരിച്ചുള്ള നീക്കിയിരിപ്പ് വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ ഇതിന്റെ ആധികാരിത ഉറപ്പുവരുത്താനായിട്ടില്ല. വാടക ഡെപ്പോസിറ്റുകൾ പോലുള്ളവയൊഴികെ നിയമപരമായി കാലഹരണപ്പെട്ടതായി കണക്കാക്കാവുന്ന മുഴുവൻ ഡെപ്പോസിറ്റ് തുകകളും കമ്മിറ്റി തീരുമാനപ്രകാരം തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-22 സാമൂഹ്യ സുരക്ഷാ പെൻഷൻ - അപാകതകൾ

ഗ്രാമ പഞ്ചായത്തിലെ പെൻഷൻ അപേക്ഷകൾ /മരണ രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു.
സാമൂഹ്യസുരക്ഷാപെൻഷനുള്ള അർഹതാ മാനദണ്ഡങ്ങൾ/നിർദേശങ്ങൾ ഭേദഗതി ചെയ്തുകൊണ്ടുള്ള 23-9-2020 ലെ സ.ഉ(എം.എസ്) നം. 97/2020/ധന ഉത്തരവ് പ്രകാരം മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ച് അതത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്ന് നീക്കം ചെയ്യുന്നതിനും, ഗുണഭോക്താവ് മരണപ്പെട്ടതിന് ശേഷം അനന്തരാവകാശികൾ കൈപ്പറ്റിയിട്ടുള്ള തുകകൾ അനന്തരാവകാശികളിൽ നിന്ന് തിരിച്ച് പിടിച്ച് മുതൽ കൂട്ടുവാനും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണ്.

ധനകാര്യ വകുപ്പിന്റെ സർക്കുലർ നമ്പർ എസ്.എഫ്.സി -ബി2 /53/2017 /ധന. തീയതി 22.01.2018 പ്രകാരം മറ്റേതെങ്കിലും പ്രാദേശിക സർക്കാരിന്റെ പരിധിയിൽ മരണം/പുനർ വിവാഹം നടന്നാൽ/സംഭവിച്ചാൽ/റിപ്പോർട്ട് ചെയ്താൽ പ്രസ്തുത പ്രാദേശിക സർക്കാർ സെക്രട്ടറി ഗുണഭോക്താവിന്റെ സ്വന്തം പ്രാദേശിക സർക്കാരിലേക്ക് ഇത് സംബന്ധിച്ച് അറിയിപ്പ് നിർബന്ധമായും നൽകേണ്ടതാണ്. ഒരു ഗുണഭോക്താവ് മരണപ്പെട്ട് / പുനർവിവാഹം ചെയ്ത വിവരം ആ ഗുണഭോക്താവിന്റെ സ്വന്തം പ്രാദേശിക സർക്കാരിൽ റിപ്പോർട്ട് ചെയ്ത ശേഷവും സാമൂഹ്യസുരക്ഷാപെൻഷൻ റദ്ദാക്കാതെ തുടർന്നും അനുവദിക്കുകയാണെങ്കിൽ അത് പ്രസ്തുത പ്രാദേശിക സർക്കാർ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായിരിക്കുന്നതാണ്.

ഗ്രാമപഞ്ചായത്തിലെ മരണ റിപ്പോർട്ടുകൾ ആസ്പദമാക്കി സാമൂഹ്യസുരക്ഷാപെൻഷൻ വിതരണം പരിശോധിച്ചതിൽ, ഗുണഭോക്താക്കളുടെ മരണത്തെ തുടർന്ന് പെൻഷൻ വിതരണം അവസാനിപ്പിക്കുന്നത് സംബന്ധിച്ച് അപാകതകൾ കാണുന്നു. പരിശോധനയിൽ കണ്ട ഏതാനും

അപാകതകൾ താഴെ ചേർക്കുന്നു.

| ക്രമ നം | പെൻഷനറുടെ പേര് | പെൻഷൻ തരം | മരണം നടന്ന തീയതി (ഡെത്ത് രജിസ്റ്റർ പ്രകാരം) | പെൻഷൻ വിതരണ കാലയളവ് | റിമാർക്സ്/ നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 1 | ലക്ഷ്മി അമ്മ രാമൻ നായർ | സാമൂഹ്യ സുരക്ഷ പെൻഷൻ (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | 20.11.21 | 4/22 വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ചു | അക്കൗണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |
| 2 | ജോസ് | സാമൂഹ്യ സുരക്ഷ പെൻഷൻ (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | 9.2.2021 | 4/21 വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ചു.5/21- തുക അക്കൌണ്ടിൽ നിക്ഷേപിക്കുവാൻ സാധിച്ചിട്ടില്ല | അക്കൗണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |
| 3 | ഗോപാലൻ രാമൻ | സാമൂഹ്യ സുരക്ഷ പെൻഷൻ (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | 17.11.2020 | 5/21 വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ചു | അക്കൗണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |
| 4 | ക്രിസ്തുദാസ് | സാമൂഹ്യ സുരക്ഷ പെൻഷൻ (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | 10.5.2021 | 2/22 വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ചു | അക്കൗണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |
| 5 | ഐപ്പ് തൊമ്മൻ | സാമൂഹ്യ സുരക്ഷ പെൻഷൻ (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | 15.4.2021 | 11/22 വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ചു | അക്കൗണ്ട് ആക്ടീവായി തുടരുന്നു |
| 6 | വേലായുധൻ പാപ്പു | സാമൂഹ്യ സുരക്ഷ പെൻഷൻ (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | 17.6.2021 | 5/21 വരെ തുക കൈപ്പറ്റി. 6/21 മുതൽ 5/22 വരെ തുക കൈമാറുവാൻ സാധിച്ചിട്ടില്ല | അക്കൗണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |
| 7 | ഫ്രാൻസീസ് വർക്കി | സാമൂഹ്യ സുരക്ഷ പെൻഷൻ (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | 6.6.2021 | 6/21 മുതൽ 5/22 വരെ തുക കൈമാറുവാൻ സാധിച്ചിട്ടില്ല | അക്കൗണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |
| 8 | മറിയം ദേവസ്യ | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 20.6.2021 | 11/22 വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ചു | അക്കൗണ്ട് ആക്ടീവായി തുടരുന്നു |
| 9 | ക്ലാര പൈലി | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല | 4.7.21 | 6/21 മുതൽ 2/22 വരെ തുക കൈമാറുവാൻ | അക്കൗണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |

| | | | | | |
|---|---|---|---|---|---|
| | | പെൻഷൻ | | സാധിച്ചിട്ടില്ല. 3/22-തുക സഹകരണ ബാങ്കിന് കൈമാറി 4/22,5/22- തുക കൈമാറാൻ സാധിച്ചിട്ടില്ല | |
| 10 | ലക്ഷ്മി അളകൻ | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 27.5.21 | 6/21 മുതൽ 2/22 വരെ തുക കൈമാറുവാൻ സാധിച്ചിട്ടില്ല. 3/22-തുക സഹകരണ ബാങ്കിന് കൈമാറി 4/22,5/22- തുക കൈമാറാൻ സാധിച്ചിട്ടില്ല | അക്കൗണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |

1) ഗ്രാമപഞ്ചായത്തിലെ പെൻഷൻ ഫയലുകൾ പരിശോധിച്ചതിൽ നിന്നും മേൽ സൂചിപ്പിച്ചിരിക്കുന്നതുൾപ്പെടെയുള്ള നിരവധി പെൻഷൻ അക്കൗണ്ടുകളിലേക്ക് ഗുണഭോക്താക്കളുടെ മരണശേഷം നിലവിലും പെൻഷൻ തുക നിക്ഷേപിക്കുന്നുണ്ട്. ആയത് സർക്കാരിലേക്ക് തിരിച്ചടക്കുവാൻ ഗ്രാമ പഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്.
2)ക്രമ നം.6,7,9,10 ഉൾപ്പെടെ മരണപ്പെട്ട ഗുണഭോക്താക്കൾക്ക് കൈമാറുവാൻസാധിക്കാതെ/ അക്കൌണ്ടിൽ നിക്ഷേപിക്കുവാൻ സാധിക്കാതെ നിരവധി തുകകൾ ഉപയോഗശൂന്യമായി ബാങ്കുകളിൽ/ സഹകരണ സൊസൈറ്റികളിൽ അവശേഷിക്കുന്നുണ്ട്. ഇവ സർക്കാരിലേക്ക് തിരിച്ചടക്കുന്നതിന് ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്
3)ഗ്രാമപഞ്ചായത്തിലെ മരണ രജിസ്ട്രേഷൻ സെക്ഷൻ സാമൂഹ്യസുരക്ഷാപെൻഷൻ സെക്ഷനിലേക്ക് ഫയൽ കൈമാറി പെൻഷണറുടെ മരണശേഷം ആക്ടീവായി തുടരുന്ന പെൻഷൻ അക്കൌണ്ടുകൾ സസ്പെൻഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് പരാമർശത്തിലുൾപ്പെടെയുള്ള ഗുണഭോക്താക്കളുടെ പേരിൽ അനധികൃതമായി നല്കിയ തുക സർക്കാരിലേക്ക് തിരിച്ചടച്ച് രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്

4)മറ്റ് പ്രാദേശിക സർക്കാരുകളുടെ പരിധിയിൽ വരുന്ന ഗുണഭോക്താക്കളുടെ പേരിൽ പെൻഷൻ അനധികൃതമായി നല്കിയത് തിരിച്ചുപിടിക്കുന്നതിന് അതത് ഗ്രാമ പഞ്ചായത്ത്/നഗരസഭ സെക്രട്ടറിമാർക്ക് ആയത് സംബന്ധിച്ച് വിവരം നൽകി പെൻഷൻ സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.27/17.2.2023) മറുപടി ലഭ്യമായിട്ടില്ല.

## 1-23 ദുരിതാശ്വാസ നിധി - പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല.

2003ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും ) ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം പ്രകൃതി ദുരന്തം, രോഗാദി ദുരിതങ്ങൾ എന്നിവ മൂലം പ്രയാസമനുഭവിക്കുന്നവർക്ക് ആവശ്യഘട്ടങ്ങളിൽ കൈത്താങ്ങാകുവാൻ പഞ്ചായത്ത് ദുരിതാശ്വാസനിധി രൂപീകരിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെയും, സെക്രട്ടറിയുടേയും പേരിൽ കല്ലൂർക്കാട് ഫാർമേഴ്സ് സഹകരണ ബാങ്കിൽ ദുരിതാശ്വാസ നിധിക്കായി അക്കൗണ്ട് തുടങ്ങിയിട്ടുണ്ടെങ്കിലും (അക്കൗണ്ട് നം. 6834) 18.1.2013 ന ശേഷം ആർക്കും തന്നെ ഇതിൽനിന്നും ധനസഹായം അനുവദിച്ചിട്ടില്ല. വർഷാന്ത്യ (31.3.2022) നീക്കിയിരിപ്പായി ഈ അക്കൗണ്ടിൽ 4914/- രൂപ ബാക്കിയുണ്ട്. ഈ നിധിയുടെ വിനിയോഗം സംബന്ധിച്ച് ഏകോപനം നടത്തുന്നതിനായുള്ള സബ്കമ്മറ്റി പ്രസ്തുത കാലയളവിൽ രൂപീകരിച്ചിട്ടുള്ളതിന്റെ രേഖകളും ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.9/21-22) സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ വരുമാനം വളരെ കുറഞ്ഞ പഞ്ചായത്തായതിനാലാണ് ദുരിതാശ്വാസ നിധി പ്രവർത്തനങ്ങൾ കാര്യക്ഷമമല്ലാത്തതെന്നും, വരും വർഷങ്ങളിൽ ദുരിതാശ്വാസ നിധി രൂപീകരണത്തിന് ആവശ്യമായ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ആനുകൂല്യങ്ങൾ സംബന്ധിച്ച് പൊതുജനങ്ങൾക്ക് ആവശ്യമായ അവബോധം നൽകി തുക അനുവദിക്കുകയും നിധിയിലേക്ക് തുക സ്വരൂപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതുമാണ് .

## 1-24 എസ്.സി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - കോഴ്സ് സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല

| | |
|---|---|
| പ്രോജക്ട് | എസ്.സി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| പ്രോജക്ട് നം | S0046/22 |
| നിർവ്വഹണം | അസി. സെക്രട്ടറി |
| അടങ്കൽ | 245000/- |
| ചെലവ് | 245000/- |
| ബിൽ നം / തീയതി | 02/11.10.21 – ₹ 140000/-<br>04/18.10.21 – ₹ 20000/-<br>05/25.10.21 – ₹ 20000/-<br>06/28.10.21 – ₹ 15000/-<br>07/06.11.21 – ₹ 15000 /-<br>08/17.11.21 – ₹ 35000 /- |

വിവിധ സർക്കാർ അംഗീകൃത കോഴ്സുകൾ പഠിക്കുന്ന 6 എസ് സി വിദ്യാർത്ഥികൾക്ക് മേൽ സൂചിപ്പിച്ച പ്രോജക്ടിൽ സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. 14.02.2018ലെ സ. ഉ. (കൈ) നം. 22/2018/ത.സ്വ.ഭ.വ. സബ്സിഡി മാർഗരേഖയിലെ ഖ. 2.2.5 പ്രകാരം സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കോഴ്സ് കാലാവധി വരെയുള്ള എല്ലാ അക്കാദമിക് വർഷത്തിലും സ്കോളർഷിപ് അനുവദിക്കാവുന്നതാണ്. എന്നാൽ ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയുടെ പ്രാദേശികകേന്ദ്രമായ മൂവാറ്റുപുഴ നിർമ്മല കോളേജിൽ എം.എ. ഇക്കണോമിക്സ് വിദ്യാർത്ഥിയായ അമ്മു സജി (വട്ടപ്പറമ്പ്, കല്ലൂർക്കാട്) എന്ന വിദ്യാർത്ഥിക്ക് 20.09.2020 ലെ കോഴ്സ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 30000/- രൂപ സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. 2021-22 അക്കാഡമിക് വർഷത്തെ കോഴ്സ് സർട്ടിഫിക്കറ്റില്ലാതെയാണ് സ്കോളർഷിപ്പ് അനുവദിച്ചത്. കോഴ്സ് സർട്ടിഫിക്കറ്റില്ലാതെ സ്കോളർഷിപ്പ് അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 6/09.02.2023) ഇഗ്നോയിൽ നിന്നുള്ള ഐഡന്റിറ്റി കാർഡ് മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

1-25 പൊതുടാപ്പുകളുടെ വെള്ളക്കരം - ചെലവ് കണക്കുകൾ കൃത്യമല്ല.

1.പ്രോജക്ട് നം- 04/22
അടങ്കൽ – 22,76,000/- (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്)
ചെലവ് –20,19,140/- (TRN- 211204000000001314 Dtd 16/07/21 Rs.15,00,000/-& TRN-211204000000005014 Dtd 15/03/22 Rs.5,19,140/-)

2.പ്രോജക്ട്നം-118/22
അടങ്കൽ-4,26,000/-(ധനകാര്യകമ്മീഷൻഗ്രാന്റ്)
ചെലവ്-4,15,312/-(Vou-xvfc/21-22/p/2dtd.22/02/22 Rs.4,15,312)
ഗ്രാമപഞ്ചായത്തിലെ പൊതുടാപ്പുകളുടെ വെള്ളക്കരം ഒടുക്കുന്നതിനായി രണ്ട് പദ്ധതികളാണ് 2021-22 സാമ്പത്തിക വർഷം സെക്രട്ടറി നടപ്പിലാക്കിയത്. വാട്ടർ അതോറിറ്റിയുടെ ബില്ല് പ്രകാരം 226 പൊതുടാപ്പുകളാണ് നിലവിലുള്ളത്. ഒരു ടാപ്പിന് ഒരുവർഷത്തേക്ക് 5512.50 രൂപ നിരക്കിൽ പ്രതിമാസ വെള്ളക്കരമായി നൽകേണ്ടത് 1,03,828/- രൂപയും ഒരു വർഷം ആകെ നൽകേണ്ടത് 12,45,936/- രൂപയുമാണ്. എന്നാൽ രണ്ട് പദ്ധതികളിലുമായി 24,34,452/- രൂപ 2021-22 സാമ്പത്തിക വർഷം ചെലവഴിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന കാര്യങ്ങളിൽ വ്യക്തമായ രേഖകൾ ലഭ്യമായിട്ടില്ല.

1)വാട്ടർ അതോറിറ്റി നൽകുന്ന ഓരോ മാസത്തെയും ബില്ലുകൾ ഗ്രാമപഞ്ചായത്ത് ഓരോ മാസവും കൃത്യമായി ഒടുക്കിയിട്ടില്ല. പദ്ധതിക്ക് അംഗീകാരം ലഭിച്ച സാഹചര്യത്തിൽ തുക ലഭ്യമായിരിക്കെ വെള്ളക്കരം കുടിശ്ശികയായി ഒടുക്കിയത് എന്തുകൊണ്ടാണ് എന്ന കാര്യത്തിൽ വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

2)പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ മുൻവർഷം കുടിശ്ശികയുണ്ടോയെന്നും ഏത് മാസം മുതലുള്ള ബില്ലുകളാണ് നൽകാനുണ്ടായിരുന്നത് എന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഓരോ തവണയും വെള്ളക്കരം ഒടുക്കുന്നത് സംബന്ധിച്ച വിശദാംശങ്ങൾ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

3) പ്രോജക്ട് നം-04/22 പ്രകാരം ചെലവഴിച്ച 20,19,140/- രൂപ കൊണ്ട് എത്ര മാസത്തെ വെള്ളക്കരമാണ് ഒടുക്കിയതെന്നോ ഇത് ഏത് മാസം മുതൽ ഏത് മാസം വരെയാണെന്നോ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. പ്രോജക്ട് നം- 118/22 പ്രകാരം ചെലവഴിച്ച 4,15,312/- രൂപയും ഏത് കാലയളവിലെ വെള്ളക്കരം നൽകാനാണ് ചെലവഴിച്ചത് എന്നതും രേഖപ്പെടുത്തിയിട്ടില്ല.

4)വാട്ടർ അതോറിറ്റിയും ഗ്രാമപഞ്ചായത്തും പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടത്തുകയും ഉപയോഗപ്രദമല്ലാത്തതും പ്രവർത്തനക്ഷമമല്ലാത്തതുമായ പൊതുടാപ്പുകൾ നിർത്തലാക്കുന്നതിനും സർക്കാർ നിർദ്ദേശിച്ചിരുന്നു. ഇത് പ്രകാരമുള്ള നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശങ്ങൾ

ലഭ്യമായിട്ടില്ല.

ഇക്കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-4 Dtd 09/02/2023) ഫണ്ട് ലഭ്യമല്ലാത്ത സാഹചര്യത്തിലാണ് തുക ഒരുമിച്ച് ഒടുക്കിയതെന്നും പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടില്ലായെന്നും അറിയിച്ചിട്ടുണ്ട്.പൊതുടാപ്പുകളുടെ വെള്ളക്കരം സംബന്ധിച്ച കൃത്യമായ കണക്ക് ഗ്രാമപഞ്ചായത്തിന്റെ പക്കലില്ല. കൃത്യമായി തുക ഒടുക്കാത്ത മാസങ്ങളിലെ 2% നിരക്കിലുള്ള പ്രതിമാസ പിഴപ്പലിശ കൂടി ഉൾപ്പെടുത്തിയാണ് പിന്നീടുള്ള മാസങ്ങളിലെ ഡിമാന്റ് ലഭിക്കുന്നത്. പൊതുടാപ്പുകളുടെ വെള്ളക്കരം സംബന്ധിച്ച വിശദവിവരങ്ങൾ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. ഏത് മാസത്തെ വെള്ളക്കരം മുതലാണ് നൽകാനുള്ളതെന്നും ഇതിൽ പിഴപ്പലിശയിനത്തിലെ തുകയെത്രയെന്നും കണക്കാക്കുന്നതിനും വെള്ളക്കരം അതത് മാസം തന്നെ കൃത്യമായി ഒടുക്കുന്നതിനും വാട്ടർ അതോറിറ്റിയുമായി പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടത്തുന്നതിനും ഉപയോഗപ്രദമല്ലാത്തതും പ്രവർത്തനക്ഷമമല്ലാത്തതുമായ പൊതുടാപ്പുകൾ നിർത്തലാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-26 പഞ്ചായത്ത് വക റെസ്റ്റ് ഹൗസ് - വിവരങ്ങൾ ലഭ്യമായിട്ടില്ല

ഗ്രാമപഞ്ചായത്തിലെ 2021-22 സാമ്പത്തിക വർഷത്തെ വൗച്ചർ പരിശോധിച്ചതിൽ നിന്നും വൗച്ചർ നമ്പർ.22100151 തീയതി 7.6.2021 പ്രകാരം 6832/- രൂപ തനതുഫണ്ടിൽ നിന്നും പഞ്ചായത്തിന്റ ഉടമസ്ഥതയിലുള്ള റെസ്റ്റ് ഹൗസ് മെയിന്റനൻസിനായി ബോബി ജോസ് എന്ന വ്യക്തിക്ക് നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ നിന്നും നിലവിൽ സബ്ട്രഷറി റെസ്റ്റ് ഹൗസിൽ പ്രവർത്തിക്കുന്നതായി കാണുന്നു. ഇതുമായി ബന്ധപ്പെട്ട പൊതു അപാകതകൾ ചുവടെ ചേർക്കുന്നു
1) റെസ്റ്റ് ഹൗസ് മെയിന്റനൻസുമായി ബന്ധപ്പെട്ട ക്വട്ടേഷൻ വിവരങ്ങൾ പരിശോധനക്കായി ലഭ്യമായിട്ടില്ല.
2) പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള റെസ്റ്റ് ഹൗസിൽ ട്രഷറി പ്രവർത്തിക്കുന്നതിന്റെ അടിസ്ഥാനം ലഭ്യമായിട്ടില്ല. ആയതിനെ സാധൂകരിക്കുന്ന സർക്കാർ ഉത്തരവ്, പഞ്ചായത്ത് കമ്മറ്റി തീരുമാനം,സബ് ട്രഷറിയുമായുള്ള കരാർ എന്നിവ പരിശോധനക്കായി ലഭ്യമായിട്ടില്ല.
3)) റെസ്റ്റ് ഹൗസിൽ നിന്നുള്ള വാടകയിനത്തിലുള്ള വരവ് ഗ്രാമ പഞ്ചായത്തിന് ലഭിക്കുന്നില്ല . റെസ്റ്റ് ഹൗസിന്റെ കറന്റ് ചാർജ് , വാട്ടർ ചാർജ് എന്നിവ അടവാക്കുന്നത് സംബന്ധിച്ച രേഖകൾ പരിശോധനക്കായി ലഭ്യമായിട്ടില്ല.
4) സബ് ട്രഷറി പ്രവർത്തിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം നൽകിയിട്ടുണ്ടെന്ന് പഞ്ചായത്ത് അധികൃതരിൽ നിന്നും അറിയുവാൻ സാധിച്ചു. ആയത് സംബന്ധിച്ചുള്ള രേഖകൾ പരിശോധനക്കായി ലഭ്യമായിട്ടില്ല. സ്ഥലം വിട്ടുകൊടുത്തിട്ടും നാളിതു വരെയും കെട്ടിടം നിർമ്മിച്ച് സബ്ട്രഷറിയുടെ പ്രവർത്തനം തുടങ്ങിയിട്ടില്ല. മേൽ വിവരങ്ങൾ ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.29/17.2.2023) മറുപടി ലഭ്യമായിട്ടില്ല.
റെസ്റ്റ് ഹൗസ് സംബന്ധിച്ചുള്ള മേൽ വിവരങ്ങളും സബ്ട്രഷറി പണിയുന്നതിനായി ഗ്രാമ പഞ്ചായത്ത് വക സ്ഥലം നൽകിയതിന്റെ വിവരങ്ങളും സബ്ട്രഷറിക്കായുള്ള കെട്ടിടം നിർമ്മിക്കുന്നതിനുള്ള നാളിതു വരെയുള്ള നടപടിക്രമങ്ങളുടേയും പൂർണ്ണവിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-27 വെള്ളാരംകല്ല് പി.യു.പി. സ്കൂൾ വൈദ്യുതീകരണം - കരാറുകാരന് അധിക തുക നൽകി

ഹെഡ് മിസ്ട്രസ്സ് നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ പ്രസ്തുത പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് തുക നൽകിയപ്പോൾ പ്രവൃത്തിമൂല്യം കണക്കാക്കിയതിലെ അപാകത മൂലം 1671/- രൂപ കരാറുകാരന് അധികമായി നൽകിയിട്ടുണ്ട്. വിശദ വിവരം ഖണ്ഡിക 3-1 ൽ ചേർത്തിട്ടുണ്ട്.

## 1-28 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങൽ - അധിക തുക ചെലവഴിച്ചു

| | |
|---|---|
| പ്രോജക്റ്റ് നമ്പർ,പേര് | S0047/22,<br>പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് |
| നിർവഹണം | അസി. സെക്രട്ടറി |
| അടങ്കൽ, ഫണ്ടിനം | 390200/- (വികസന ഫണ്ട് (എസ് സി പി)) |
| ചെലവ് | 292626/- |
| ബിൽ നം./തീയതി | 15/15.03.2022 |

മേൽ പ്രോജക്ട് മുഖേന 6 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് GeM മുഖേന സെർവിറ്റ് സിസ്റ്റം, വിദ്യാനഗർ ക്രോസ് റോഡ്, കടവന്ത്ര എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങി നൽകിയിട്ടുണ്ട്. ഒന്നിന് 48771/- രൂപ നിരക്കിൽ 6 എണ്ണത്തിന് 292626/- രൂപ ചെലവഴിച്ചാണ് ലാപ് ടോപ്പ് വാങ്ങിയത്. തദ്ദേശസ്ഥാപനങ്ങൾക്കാവശ്യമായ ലാപ്ടോപ്പുകൾ സി.പി.ആർ.സി.എസ് പോർട്ടലിൽ നിന്ന് തന്നെ വാങ്ങേണ്ടതാണെന്ന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 20.1.20 ലെ ഡി.എ1/363/2019 നമ്പർ സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. കാലതാമസമുണ്ടായാൽ ഇ-ടെണ്ടർ മുഖേന വാങ്ങൽ നടത്താമെങ്കിലും ലാപ്ടോപ്പുകൾക്ക് മേൽ സർക്കുലർ പ്രകാരം നിശ്ചയിച്ച സ്പെസിഫിക്കേഷനും വിലയും സർക്കുലറിൽ

സൂചിപ്പിച്ചതിനേക്കാൾ അധികം ആയിരിക്കരുതെന്ന് 07.09.20 ലെ ഡി.എ1/153/2020 നമ്പർ സർക്കലർ പ്രകാരം ഉത്തരവായിട്ടുണ്ട്. സി.പി.ആർ.സി.എസ് പോർട്ടലിൽ നിന്ന് ലാപ്പ് ടോപ്പ് ലഭ്യമാകുന്നതിൽ കാലതാമസം നേരിടുന്നതിനാൽ 28.02.2022 ലെ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ ജി.ഒ (ആർ.ടി) 482/2022 നം ഉത്തരവ് പ്രകാരം GeM മുഖേന ലാപ്പ് ടോപ്പ് വാങ്ങാവുന്നതാണ്. ഉബുണ്ടു അധിഷ്ഠിതമായ Intel Core-Processor I3-7020/U/7100U@ 2.3GHz, Memory 4gb DDR-4 RAM/DDR3 RAM Expandable Up To At Least 8GB/16GB ലാപ്ടോപ്പുകൾ വാങ്ങുവാനാണ് 363/2019 നമ്പർ സർക്കുലറിൽ സ്പെസിഫൈ ചെയ്തിട്ടുള്ളത്. എന്നാൽ HPയുടെ 250 GB-Processor I3 1115 G4-8GB-512GG SSDW10H15 With WINDOWS ലാപ്ടോപ്പുകളാണ് പ്രോജക്ട് മുഖേന വാങ്ങിയിട്ടുള്ളത്. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 26.09.2019 ലെ സർക്കാർ ഉത്തരവ് (ആർ.ടി)2081/2019 പ്രകാരം ഒരു ലാപ്പ്ടോപ്പിന് പരമാവധി 38902/- രൂപയാണ് നികുതിയുൾപ്പെടെ ചെലവഴിക്കാവുവെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ സർക്കാർ ഉത്തരവിന് വിരുദ്ധമായി 8GB RAM ഉള്ള ലാപ്പ് ടോപ്പ് വാങ്ങിയത് വഴി വിലയിൽ വൻ വർദ്ധനവുണ്ടായിട്ടുണ്ട്. ലാപ്ടോപ്പ് ഒന്നിന് നികുതിയുൾപ്പെടെ 48771/- രൂപയാണ് നല്കിയിട്ടുള്ളത് .ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട അർഹരായ 11 വിദ്യാർഥികൾക്ക് ലാപ് ടോപ് നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. ഇപ്രകാരം അധികവില നല്കി ലാപ് ടോപ്പ് വാങ്ങിയത് മൂലം 6 വിദ്യാർഥികൾക്ക് മാത്രമാണ് ലാപ് ടോപ് വിതരണം ചെയ്യാൻ സാധിച്ചത്. സർക്കാർ നിർദേശം ഇല്ലാതെ അധിക തുക ചെലവാക്കി ലാപ് ടോപ് വാങ്ങിയതിന് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് 09.02.2023 ൽ നല്കിയ 6-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് വിദ്യാർഥികൾക്ക് കൂടുതൽ സൗകര്യം ഒരുക്കുന്നതിന് HPയുടെ 250 GB-Processor I3 1115 G4-8GB-512GG SSDW10H15 With WINDOWS സ്പെസിഫിക്കേഷനുള്ള ലാപ്ടോപ്പ് ആവശ്യമാണെന്ന പഞ്ചായത്ത് കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത ലാപ്പ്ടോപ്പ് വാങ്ങിയതെന്നാണ് മറുപടി ലഭ്യമാക്കിയത്. എന്നാൽ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 26.09.2019 ലെ സർക്കാർ ഉത്തരവ് (ആർ.ടി)2081/2019 പ്രകാരം ഒരു ലാപ്പ്ടോപ്പിന് പരമാവധി 38902/- രൂപയാണ് നികുതിയുൾപ്പെടെ ചെലവഴിക്കാവുവെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ ഭാവിയിൽ പദ്ധതികൾ നടപ്പാക്കുമ്പോൾ സർക്കാർ നിർദ്ദേശം പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-29 ബിറ്റുമിൻ ബാരൽ വില ക്രമ വിരുദ്ധമായി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നു.

ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പാക്കിയിട്ടുള്ള റോഡ് പ്രവൃത്തികളിൽ നിന്നുള്ള ബിറ്റുമിൻ ബാരൽ വില അസി.എഞ്ചിനിയർ ബില്ലിൽ നിന്നും കുറവ് ചെയ്ത് സെക്രട്ടറിയുടെ പേരിലുള്ള ടി.എസ്.ബി അക്കൗണ്ടിലേയ്ക്കാണ് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. ഇത് ക്രമ പ്രകാരമല്ല. ടി ഇനത്തിലുള്ള തുകകൾ ഏതു ഫണ്ടുപയോഗിച്ചാണോ പ്രവൃത്തി ചെയ്തത് ആ ഫണ്ടിലേയ്ക്കും, ജി.എസ്.ടി തുക ബന്ധപ്പെട്ട ഹെഡിലേയ്ക്കും തിരിച്ചടയ്ക്കേണ്ടതാണ്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.18/21-22) അസി.എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത തുക ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ ഒടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ടി വിഷയത്തിൽ സ്വീകരിക്കുന്ന തുടർ നടപടികൾ യഥാസമയം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-30 മരാമത്ത് പ്രവൃത്തികൾ- പൊതുന്യൂനതകൾ

ഗ്രാമപഞ്ചായത്തിലെ അസി . എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥയായി 2021-22 വർഷത്തിൽ ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും രേഖകൾ, രജിസ്റ്ററുകൾ എന്നിവ സൂക്ഷിക്കുന്നതിലും ന്യൂനതകൾ ഉണ്ടായിട്ടുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

(1) പ്രിലിമിനറി എഗ്രിമെന്റിൽ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്താതെ ശൂന്യമായി സൂക്ഷിച്ചിരിക്കുന്നു.

(2) എഗ്രിമെന്റ് രജിസ്റ്ററിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി രേഖപ്പെടുത്തുന്നില്ല.

(3) കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ചമയ്ക്കുന്ന കരാറുകളിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതിനാൽ പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുവാൻ സാധ്യമല്ലാതാകുന്നു.

(4) കരാറുകാരനുമായി ചമച്ചിട്ടുള്ള കരാറുകളിലെ പൂർത്തീകരണ കാലാവധിയും പിഴയുമായി ബന്ധപ്പെട്ട ഭാഗം കാലഹരണപ്പെട്ടതാണെന്ന് കാണുന്നു. പുതുക്കിയ പി.ഡബ്യു.ഡി മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാറുകൾ തയ്യാറാക്കേണ്ടതാണ്.

(5) കരാർ ചമയ്ക്കുന്നതിൽ സമയനിഷ്ഠ പാലിക്കപ്പെടുന്നില്ല.

പ്രസ്തുത ന്യൂനതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/21-22)നിർവ്വഹണ ഉദ്യോഗസ്ഥയായ അസി.എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

1-31 പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

നിർവ്വഹണം- സെക്രട്ടറി, കല്ലൂർക്കാട് ഗ്രാമപഞ്ചായത്ത്

2021-22 സാമ്പത്തിക വർഷം നടപ്പാക്കിയ താഴെപ്പറയുന്ന പദ്ധതികൾക്കായി വിവിധ നിർവ്വഹണ ഏജൻസികൾക്ക് തുക നൽകിയിട്ടുണ്ട്. മുൻകൂർ കൈമാറിയെങ്കിലും തുക സ്ഥാപനങ്ങൾ കൈപ്പറ്റിയതിന്റെയോ പദ്ധതി പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചതിന്റെയോ രേഖകളൊന്നും നിലവിലും ഹാജരാക്കിയിട്ടില്ല.

| പ്രോജക്റ്റ് നം | പദ്ധതിയുടെ പേര് | സ്ഥാപനം | ബിൽ നം (T.R.N) | ചെലവ് |
|---|---|---|---|---|
| 02/22 | ഐ.കെ.എം വിഹിതം | ഐ.കെ.എം | 08/2021-22 Dtd -15/07/21 Rs.35793/- | Rs.35793 /- |
| 187/22 | ഏർലി ഇന്റർവെൻഷൻ സെന്റേഴ്സ് -വിഹിതം നൽകൽ | എറണാകുളം ജില്ലാ പഞ്ചായത്ത് | 211204000000003607<br>Dtd -10/12/21 Rs.20000 | Rs.20,000/ |
| 186/22 | കുട്ടികൾക്ക് ജില്ലാ വെബ്പോർട്ടൽ – വിഹിതം നൽകൽ | എറണാകുളം ജില്ലാ പഞ്ചായത്ത് | 2112045208430439505<br>Dtd -24/03/22 Rs.12500 | 12,500 |
| 129/22 | ഇലക്ട്രിക് പോസ്റ്റ് മാറ്റൽ Ward -8 | കെ.എസ്.ഇ.ബി | 211204000000005016 Dtd -15/03/22 Rs.11221/-<br>211204000000005054 Dtd -18/03/22 Rs.41,556/- | Rs.52777 |
| 210/22 | വഴിയാഞ്ചിറ -മുടിപ്പുറം പൈപ്പ് ലൈൻ നീട്ടൽ | വാട്ടർ അതോറിറ്റി | 47/2021-22 Dtd 30/03/2022 | Rs.3,00,000 |
| 128/22 | ചാറ്റുപാറ - തോണിക്കുഴി പൈപ്പ് ലൈൻ നീട്ടൽ | വാട്ടർ അതോറിറ്റി | 2112045208430092026 8dtd-11/01/22 Rs.400000<br>Cheque No-JN 3291263/ 30-03-22 Rs.200000/- | Rs.6,00,000/- |
| | ആകെ | | | Rs.10,21,070/- |

ഇക്കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം-2 Dtd 09/02/2023) നൽകിയെങ്കിലും മറുപടിയോ വിനിയോഗവിവരങ്ങളോ ലഭ്യമാക്കിയിട്ടില്ല.ചെലവ് രേഖകളുടെ അഭാവത്തിൽ ഡെപ്പോസിറ്റ് വർക്കുകൾക്കായി മുൻകൂർ നൽകിയ 10,21,070 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-32 സാമൂഹികാരോഗ്യകേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല.

കല്ലൂർക്കാട് സാമൂഹികാരോഗ്യകേന്ദ്രത്തിൽ വയോജനങ്ങൾക്ക് മരുന്നുകൾ വാങ്ങുന്നതിനായി 2021-22 ലെ വികസനഫണ്ട് -ജനറൽ വിഹിതത്തിൽ നിന്നും 50,000 രൂപ വകയിരുത്തിയിരുന്നു. പദ്ധതിപ്രകാരം മരുന്നുവാങ്ങലിനുള്ള തുക പ്രഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും നാളിതുവരെ മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ

ചേർക്കുന്നു.

പ്രോജക്ട് നമ്പർ – 99/2022
നിർവ്വഹണം- മെഡിക്കൽ ഓഫീസർ , പി.എച്ച്.സി കല്ലൂർക്കാട്
അടങ്കൽ-50,000/-(വികസനഫണ്ട് -ജനറൽ)
ചെലവ്-50,000/- (ബിൽ നം-17/2021-22 Dtd 08/12/2021)

| പ്രോജക്ട് നമ്പർ | സ്ഥാപനം | പ്രൊഫോർമ ഇൻ വോയ്സ് | തീയതി | നൽകിയ തുക | ഇതുവരെ ലഭിച്ച മരുന്നുകളുടെ തുക | ലഭിക്കാനുള്ള മരുന്നുകളുടെ തുക | ബിൽ വിവരങ്ങൾ |
|---|---|---|---|---|---|---|---|
| 99/2022 | കേരള സംസ്ഥാന മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ | PRF-3077 | 01/11/2021 | 50,000 | 38,123 | 11,877/- | BRN – 2112045209470075 2350 Dtd 07/12/2021 Rs.50,000/- |
| | ആകെ | | | | | 11,877 | |

മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ഇനിയും നൽകുവാൻ ബാക്കിയുള്ള മരുന്നുകൾ ലഭിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. മരുന്നുകൾ ലഭിക്കാൻ ബാക്കിയുള്ള സാഹചര്യത്തിൽ ഈയിനത്തിൽ മുൻകൂർ നൽകിയിട്ടുള്ള 11,877/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-33 ഹോമിയോ മരുന്ന് വാങ്ങൽ -ഹോംകോയിൽ നിന്നും മരുന്ന് ലഭ്യമല്ല എന്നുറപ്പുവരുത്തിയില്ല.

ഗ്രാമപഞ്ചായത്തിലെ ഹോമിയോ ആശുപത്രിക്ക് മരുന്നുകൾ വാങ്ങുവാൻ തയ്യാറാക്കിയ പദ്ധതി പ്രകാരം (പ്രോജക്ട് നം-05/22) മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് ഫണ്ടിൽ നിന്നും 1,49,996/- രൂപ ചെലവഴിച്ചിട്ടുണ്ട്. ടെണ്ടർ വഴി മെ.സിമിലിയ ഹോമിയോ ലബോട്ടറി, ആലുവ എന്ന സ്ഥാപനത്തിൽ നിന്നാണ് മരുന്നുകൾ വാങ്ങിയിട്ടുള്ളത്. ഹോമിയോ മരുന്നുകൾ ടെണ്ടർ/ ക്വട്ടേഷൻ വഴി വാങ്ങുന്നതിന് മുമ്പായി ഹോംകോയിൽ പണമടച്ചാൽ മരുന്നുകൾ ലഭ്യമാകാൻ കാലതാമസമുണ്ടാകും എന്ന കാര്യം ഉറപ്പുവരുത്തണമെന്ന് മാർഗ്ഗരേഖ (ജി.ഒ ആർ.ടി 22/2018/lsgd Dtd 14/02/2018 Para 7.5.4) യിൽ നിർദ്ദേശിച്ചിട്ടുണ്ട്. സർക്കാർ സ്ഥാപനങ്ങളിലേക്കുള്ള മരുന്നുവാങ്ങലിൽ ഔഷധി, ഹോംകോ പോലുള്ള സ്ഥാപനങ്ങൾ വിലയിൽ നിശ്ചിത ശതമാനം കിഴിവ് അനുവദിക്കാറുണ്ട്. സർക്കാർ പൊതുമേഖല സ്ഥാപനങ്ങൾ മരുന്നുവിലയിൽ നൽകുന്ന കിഴിവ് സ്വകാര്യസ്ഥാപനങ്ങളിൽ നിന്നുള്ള വാങ്ങലിൽ ഉറപ്പുവരുത്താനാകില്ല. ഹോംകോയിൽ നിന്നുള്ള മരുന്നുകളുടെ പ്രഫോർമ ഇൻവോയ്സോ വാങ്ങൽ സമയത്ത് ഹോംകോയിൽ മരുന്നുകൾ ലഭ്യമായിരുന്നില്ല എന്നത് ഉറപ്പുവരുത്തുന്നതിനാവശ്യമായ രേഖകളോ ഫയലിൽ ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ (നം-3dtd 09/02/2023) ഹോംകോയിൽ മരുന്നുകൾ ലഭ്യമാകുന്നതിന് കാലതാമസമുണ്ടാകുമെന്ന് ഫോൺ മുഖാന്തിരം അറിയിച്ചതായാണ് മറുപടി നൽകിയത്.എന്നാൽ മുൻവർഷങ്ങളിലുൾപ്പെടെ ഹോമിയോ ആശുപത്രിയിലേക്കുള്ള വാങ്ങലുകൾ തുടർച്ചയായി ഇപ്രകാരം ടെണ്ടർ വഴി സ്വകാര്യസ്ഥാപനങ്ങളിൽ നിന്നാണ് നടത്തിവരുന്നത് എന്ന് കണ്ടെത്തിയിട്ടുണ്ട്. ഇപ്രകാരമുള്ള വാങ്ങലുകളിൽ സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കുകയും ഗുണമേന്മയും വിലക്കുറവും കൂടി ഉറപ്പുവരുത്തുന്ന തരത്തിൽ നിരക്കുകളുടെ താരതമ്യം നടത്തുകയും ചെയ്യേണ്ടിയിരുന്നു. മരുന്നുവാങ്ങലിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-34 അങ്കണവാടികളിൽ നെയിംബോർഡ് സ്ഥാപിക്കൽ - ബാക്കി തുക തിരിച്ചടച്ചില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | അങ്കണവാടികളിൽ നെയിംബോർഡ് സ്ഥാപിക്കൽ |
| പ്രോജക്ട് നം. | S0159/22 |
| അടങ്കൽ, ഫണ്ട് | 27000/- ശിശുവികസന പദ്ധതി ഗ്രാന്റ് |
| ചെലവ് | 26100/- |
| വൗച്ചർ നം./തീയതി | 22100765/21.03.22 |

ഐസിഡിഎസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ ഈ പദ്ധതിയിൽ സ്വന്തം കെട്ടിടങ്ങളിലും, സ്കൂൾ കെട്ടിടങ്ങളിലും, വാടകരഹിത കെട്ടിടങ്ങളിലും പ്രവർത്തിക്കുന്ന അങ്കണവാടികളിൽ ഏകീകൃത നെയിംബോർഡ് സ്ഥാപിക്കുന്നതിന് ഒരങ്കണവാടിക്ക് 3000/- രൂപ നിരക്കിൽ 9 എണ്ണത്തിന്

ശിശുവികസന പദ്ധതി ഓഫീസറിൽ നിന്നും ആകെ 27000/- രൂപ ലഭിച്ചിരുന്നു. ഒരു നെയിംബോർഡിന് 2900/- രൂപ ക്വോട്ട് ചെയ്ത മൂവാറ്റുപുഴ പെർഫെക്ട് അഡ്വെർടൈസേഴ്സ് എന്ന സ്ഥാപനത്തെയാണ് പ്രവൃത്തി നടപ്പാക്കുന്നതിന് ക്വട്ടേഷൻ നടപടിയിലൂടെ തെരഞ്ഞെടുത്തത്. ആകെ 9 നെയിംബോർഡുകൾ സ്ഥാപിച്ചതിന് 26100/- രൂപ ചെലവായിട്ടുണ്ട്. എന്നാൽ ചെലവ് തുക കിഴിച്ച് ബാക്കി 900/- രൂപ ശിശുവികസന വകുപ്പിൽ തിരിച്ചടച്ചിട്ടില്ല. ബാക്കി തുക തിരിച്ചടക്കുന്നതിന് തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-35 നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാരനിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയില്ല.

2012 ലെ പി.ഡബ്ല്യു.ഡി. മാന്വൽ സെക്ഷൻ 2112-1 പ്രകാരം കരാർ പ്രവൃത്തി നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കാത്തപക്ഷം നിർദ്ദിഷ്ട പൂർത്തീകരണ കാലാവധിക്കുമുൻപ് തന്നെ കരാറുകാരൻ രേഖാമൂലം കാലദൈർഘ്യത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതും അപേക്ഷ പരിശോധിച്ച് തക്കതായ കാരണമുള്ളപക്ഷം സമയം ദീർഘിപ്പിക്കാവുന്നതുമാകുന്നു. ഇത് ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25% അധികരിക്കാൻ പാടില്ല. ഇപ്രകാരം കാലാവധിയുടെ 50% വരെ പരമാവധി സമയം ദീർഘിപ്പിച്ചു നൽകാവുന്നതാണ്. ഇത് ആദ്യ തവണ പി.എ.സി യുടെ 1% നിരക്കിലും (കുറഞ്ഞത് 1,000/-രൂപ പരമാവധി 50,000/-രൂപ ) രണ്ടാം തവണ പി.എ.സി യുടെ 2% നിരക്കിലും (കുറഞ്ഞത് 2,000/-രൂപ പരമാവധി 100,000/-രൂപ) പിഴ ഈടാക്കി സപ്ലിമെന്ററി എഗ്രിമെന്റ് ചമക്കേണ്ടതാണ്. അതുപോലെ സെക്ഷൻ 2116.1 അനുസരിച്ച് യഥാർത്ഥ /ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി കഴിഞ്ഞാണ് പ്രവൃത്തി പൂർത്തീകരിക്കുന്നതെങ്കിൽ അധികകാലത്തിന് പ്രതിവാരം PAC യുടെ 0.1% നിരക്കിൽ (പരമാവധി 10%) കോമ്പൻസേഷനും ഈടാക്കേണ്ടതാണ്. എന്നാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന താഴെ പറയുന്ന പ്രവൃത്തിയുടെ കരാറുകാരനിൽ നിന്നും നിയമാനുസൃത നിരക്കിലുള്ള പിഴ ഈടാക്കാതെയാണ് തുക നൽകിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്, കരാറുകാരൻ , പി.എ.സി. | കരാർ തീയതി, കാലാവധി, കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി | പ്രവൃത്തി പൂർത്തീകരിച്ച തീയതി | ഈടാക്കേണ്ടിയിരുന്ന പിഴ | ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|---|
| 1 | മരുതൂർ വാഴക്കാലക്കണ്ടം കനാൽ ലിങ്ക് റോഡ് പൂർത്തീകരണം (143/22) ലിൻസ്.ജെ. അയ്യംകോലിൽ പി.എ.സി -296743/- പ്രവൃത്തിമൂല്യം -229061/- ബിൽ നം.- 38/21.03.22 | 6.11.2020<br>6 മാസം<br>5.05.2021 | 2.03.2022 | 10089 (3+0.4%) | 6872 | 3217 |

മേൽ പ്രവൃത്തികളിൽ കരാറുകാരൻ പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് നൽകുന്നതിനായി അപേക്ഷ സമർപ്പിക്കുകയോ സപ്ലിമെന്ററി എഗ്രിമെന്റ് തയ്യാറാക്കുകയോ ചെയ്തിട്ടില്ല. പൂർത്തീകരണ കാലതാമസം സംബന്ധിച്ച് ബന്ധപ്പെട്ട അസി.എഞ്ചിനിയർ റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. മേൽ നടപടിക്രമങ്ങളൊന്നും പാലിക്കാതെ, നിയമാനുസൃതം ഈടാക്കേണ്ട പിഴ ഈടാക്കാതെ കരാറുകാരന് തുക നൽകിയത് ക്രമ വിരുദ്ധമാണ്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.22/21-22 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

കോവിഡ് കാലയളവിൽ ഏറ്റെടുത്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലയളവ് പിഴ കൂടാതെ 6 മാസം വരെ നീട്ടി നൽകിയിട്ടുണ്ട്.( ജി.ഒ നം. 1444/21/തസ്വഭവ. തീ.31.7.21) ആയതിനാൽ ടി പ്രവൃത്തിയ്ക്ക് പ്രസ്തുത 6 മാസത്തിൽ അധികരിച്ചുള്ള കാലതാമസത്തിന് 2012 ലെ പി.ഡബ്ല്യു.ഡി. മാന്വൽ സെക്ഷൻ 2112-1, 2116-1 പ്രകാരം വ്യക്തമാക്കിയിട്ടുള്ള നിരക്കിൽ പിഴ ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്. (പ്രവൃത്തി പൂർത്തീകരണത്തിന് 6 മാസം അധിക കാലയളവ് അനുവദിച്ചാണ് പിഴ കണക്കാക്കിയിട്ടുള്ളത് )

## 1-36 യഥാസമയം കരാർ ചമയ്ക്കാതിരുന്ന കരാറുകാരിൽ നിന്നും നിയമപ്രകാരമുള്ള പിഴ ഈടാക്കിയില്ല.

ജി.ഒ(പി)13/2012/പി.ഡബ്ല്യൂ.ഡി/തീ.1.2.2012 നമ്പർ ഉത്തരവ് പ്രകാരം 2012 ൽ പുതുക്കിയ കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009 (6) പ്രകാരം നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ (സെലക്ഷൻ നോട്ടീസ് നൽകി 14 ദിവസത്തിനുള്ളിൽ) കരാറിൽ ഏർപ്പെടാത്ത കരാറുകാരിൽ നിന്നും കരാർ തുകയുടെ 1% (മിനിമം - 1000/-, മാക്സിമം - 25000/-) പിഴയായി ഈടാക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയിട്ടുള്ള താഴെ പറയുന്ന പ്രവ്യത്തിയുടെ കരാറുകാരൻ നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ കരാർ ചമയ്ക്കാതിരുന്നിട്ടും പിഴ ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | സെലക്ഷൻ നോട്ടീസ് തീയതി/ പിഴ കൂടാതെ കരാർ ചമയ്ക്കാവുന്ന അവസാന തീയതി | കരാർ ചമച്ച തീയതി | ഈടാക്കേണ്ട പിഴ (1% നിരക്കിൽ) |
|---|---|---|---|---|
| 1 | വെള്ളാരംകല്ല് പി.യു.പി സ്കൂളിൽ ടോയ്ലെറ്റ് (85/22) ശ്രീ. മൻസൂർ പി.എം പി.എ.സി - 267500/- പ്രവൃത്തിമൂല്യം - 267323/- ബിൽ നം. 26/11.3.22 | 14.12.2021<br>28.12.2021 | 12.01.2022 | 2675 /- |
| 2 | നീറംപുഴ ഹരിജൻ കോളനി കമ്മ്യൂണിറ്റി ഹാൾ നവീകരണം (185/22) ശ്രീ. പ്രവീൺ വർഗ്ഗീസ് പി.എ.സി - 141240/- പ്രവൃത്തിമൂല്യം - 131902/- ബിൽ നം. 25/11.3.2022 | 17.12.2021<br>31.12.2021 | 5.01.2022 | 1412 /- |
| 3 | അമ്പലംപടി ബൈപാസ് റോഡ് റീടാറിംഗ് (50/22) ശ്രീ. ഇ.എസ്. അബൂബക്കർ പി.എ.സി - 477111/- പ്രവൃത്തിമൂല്യം - 494020/- ബിൽ നം. 29/22.3.2022 | 9.11.2021<br>23.11.2021 | 3.12.2021 | 4771 /- |
| 4 | വിവിധ വാർഡുകളിൽ മിനി എം.സി.എഫ് നിർമ്മാണം (165/22) ശ്രീ.മൻസൂർ.പി.എം പി.എ.സി -371322/- പ്രവൃത്തിമൂല്യം -389766/- ബിൽ നം.18 /15.2.2022 | 14.12.2021<br>28.12.2021 | 12.1.20222 | 3713 /- |
| 5 | കൊട്ടാരത്തിൽ ജംഗ്ഷൻ തഴവംകുന്ന് റോഡ് ടാറിംഗ് (16/22) ശ്രീ. നൗഷാദ് എം.ഐ പി.എ.സി - 1098795/- പ്രവൃത്തിമൂല്യം -1230650 /- ബിൽ നം. 43/22.3.2022 | 17.12.2021<br>31.12.2021 | 2.02.2022 | 10988 /- |
| 6 | വെട്ടംപീടിക വാഴക്കാലക്കണ്ടം റോഡ് റീടാറിംഗ് (26/22) ശ്രീ. നൗഷാദ് എം.ഐ പി.എ.സി -807423/- പ്രവൃത്തിമൂല്യം - 886723/- ബിൽ നം. 41/22.3.2022 | 17.12.2021<br>31.12.2021 | 2.02.2022 | 8074 /- |
| 7 | പനച്ചിത്തണ്ട് വഴിയാഞ്ചിറ റോഡ് റീടാറിംഗ് (91/22) ശ്രീ. നൗഷാദ് എം.ഐ പി.എ.സി -685796/- പ്രവൃത്തിമൂല്യം - 698896/- ബിൽ നം. 42/22.3.2022 | 17.12.2021<br>31.12.2021 | 2.02.2022 | 6858 /- |
| | ആകെ | | | 38491 /- |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനും പിഴ ഇനത്തിൽ ഈടാക്കേണ്ട 38491/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/21-22) നിർവ്വഹണ ഉദ്യോഗസ്ഥയായ അസി. എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ അമ്പലംപടി ബൈപാസ് റോഡ് റീടാറിംഗ് (50/22) എന്ന പ്രവ്യത്തിയുടെ ടെണ്ടർ അംഗീകരിക്കുന്നതിൽ കാലതാമസം നേരിട്ടതിനാലാണ് കരാർ ചമയ്ക്കുന്നതിൽ കാലതാമസം വന്നതെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ മറുപടിയിൽ സൂചിപ്പിച്ചിട്ടുള്ള തീയതികൾ ഇതുമായി പൊരുത്തപ്പെടാത്തതിനാൽ പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. പിഴ ഇനത്തിൽ ഈടാക്കേണ്ട 38491/- രൂപ കരാറുകാരിൽ നിന്നും ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

1-37 മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ - നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ നടപടി ക്രമങ്ങളിൽ നിയമം അനുശാസിക്കും പ്രകാരമുള്ള സമയക്രമം പാലിച്ചിട്ടില്ലാത്തതായി കാണുന്നു. 2012 ലെ പി.ഡബ്ല്യു.ഡി. മാന്വൽ സെക്ഷൻ 2009-6 പ്രകാരം ടെണ്ടർ സ്വീകരിച്ചതിന് ശേഷം 7 ദിവസത്തിനുള്ളിൽ ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് (സെലക്ഷൻ നോട്ടീസ്) രജിസ്റ്റേർഡ് പോസ്റ്റ്/ കൊറിയർ / ഇ-മെയിൽ ആയി കരാറുകാരന് നൽകണം. അറിയിപ്പ് കത്ത് രജിസ്റ്റർ ചെയ്ത തീയതി നോട്ടീസ് കൈപ്പറ്റിയ തീയതിയായി കണക്കാക്കുന്നതാണ്. സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കേണ്ടതാണ്. 14 ദിവസത്തിനകം കരാർ ചമയ്ക്കാത്ത പക്ഷം കരാർ തുകയുടെ 1% നിരക്കിൽ പിഴ ഈടാക്കി തുടർന്നുള്ള 10 ദിവസം വരെ കരാർ ചമയ്ക്കാവുന്നതാണ്. പിഴയോടു കൂടിയ 10 ദിവസത്തിനു ശേഷവും കരാർ ചമയ്ക്കാത്ത പക്ഷം കരാർ റദ്ദാക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയിട്ടുള്ള മരാമത്ത് പ്രവൃത്തികളിൽ പ്രസ്തുത സമയക്രമങ്ങൾ പാടെ അവഗണിക്കപ്പെട്ടിട്ടുള്ളതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | കരാറുകാരൻ | ടെണ്ടർ അംഗീകരിച്ച തീയതി | സെലക്ഷൻ നോട്ടീസ് തീയതി | കരാർ തീയതി |
|---|---|---|---|---|---|
| 1 | വെടിക്കുളം പുത്തരിക്കാട് റോഡ് കോൺക്രീറ്റിംഗ് & റീടാറിംഗ് (70/21)പി.എ.സി - 222447/- | ലിൻസ്.ജെ. അയ്യംകോലിൽ | 30.10.2020 | -- | 27.01.21 |
| 2 | കുത്താണിക്കുന്ന് കുടിവെള്ള പദ്ധതി (149/22) പി.എ.സി - 198435/- | സത്യൻ.ഡി | 21.10.2020 | --- | 05.07.21 |
| 3 | കലിങ്കമാലി എരപ്പ് റോഡ് റീടാറിംഗ് (54/21) പി.എ.സി - 222802/- | ലിൻസ്.ജെ. അയ്യംകോലിൽ | 30.10.2020 | -- | 27.01.21 |

പ്രസ്തുത പ്രവൃത്തികളുടെ ഫയലിൽ സൂക്ഷിച്ചിട്ടുള്ള സെലക്ഷൻ നോട്ടീസിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല. ടെണ്ടർ സ്വീകരിച്ച് 21(7+14) ദിവസത്തിനുള്ളിൽ കരാർ വെയ്ക്കാത്ത പക്ഷം പിഴ ഈടാക്കേണ്ടതാണ്. എന്നാൽ പിഴയുടെ ബാധ്യത ഒഴിവാക്കുന്നതിനായി സെലക്ഷൻ നോട്ടീസിൽ തീയതി രേഖപ്പെടുത്തിയിട്ടില്ലാത്തതായി കാണുന്നു. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.23/21-22) ലഭ്യമാക്കിയ മറുപടിയിൽ സെലക്ഷൻ നോട്ടീസിൽ തീയതി രേഖപ്പെടുത്തുവാൻ വിട്ടു പോയതാണെന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാലിവിടെ ടെണ്ടർ അംഗീകരിച്ച് 3 മുതൽ 9 മാസം വരെയുള്ള കാലയളവിലാണ് കരാർ ചമച്ചിട്ടുള്ളത്. ആയത് തികച്ചും ക്രമവിരുദ്ധ നടപടി ആയതിനാൽ നിയമപ്രകാരമുള്ള പിഴ ഈടാക്കേണ്ടതും മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ നിയമാനുസൃത നടപടിക്രമങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-38 കുറഞ്ഞ ഉപഭോഗത്തിനും ഉയർന്ന നിരക്കിൽ വൈദ്യുതി ചാർജ്ജ് നൽകുന്നു

ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ പ്രതിമാസം 55,860/- രൂപ (ജനുവരി 2022 ലെ ബിൽ തുക) വീതമാണ് നൽകി വരുന്നത്. കെ.എസ്.ഇ.ബി ഹാജരാക്കിയ തെരുവുവിളക്കുകളുടെ താരിഫ് കാർഡ് പ്രകാരം താഴെപ്പറയുന്ന എണ്ണം ബൾബുകൾക്കുള്ള നിരക്കാണ് ഗ്രാമപഞ്ചായത്തിൽ നിന്നും തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജായി ഈടാക്കി വരുന്നത്.

| ക്രമ നം. | ബൾബ് ഇനം | വാട്ട് | എണ്ണം | നിരക്ക്/ബൾബ് |
|---|---|---|---|---|
| 1 | സാധാരണ ബൾബ് (ഇൻകാൻഡസെന്റ്) | 40 W | 379 | 79/- |
| 2 | സാധാരണ ബൾബ് (ഇൻകാൻഡസെന്റ്) | 60 W | 15 | 121/- |
| 3 | ഫ്ലൂറസെന്റ് ലാമ്പ് | 40 W | 42 | 79/- |
| 4 | ഫ്ലൂറസെന്റ് ലാമ്പ് | 2 X 40 W | 44 | 159/- |
| 5 | സോഡിയം വേപ്പർ ലാമ്പ് | 250 W | 16 | 531/- |
| 6 | C.F.L Automatic | 22 W | 256 | 38/- |

ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകളുടെ ഫിറ്റിംഗ്, അറ്റകുറ്റപ്പണികൾ എന്നിവ സംബന്ധിച്ച പദ്ധതി രേഖകൾ പരിശോധിച്ചതിൽ കഴിഞ്ഞ കുറേ സാമ്പത്തിക വർഷങ്ങളിൽ ഊർജ്ജക്ഷമതയുള്ള L.E.D ലാമ്പുകളാണ് തെരുവുവിളക്കുകളായി വാങ്ങി സ്ഥാപിക്കുകയും, അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്തിട്ടുള്ളത്. എന്നാൽ കെ.എസ്.ഇ.ബി യുടെ കണക്കിൽ നിലവിലും ഒരു എൽ.ഇ.ഡി ബൾബ് പോലും

വന്നിട്ടില്ലായെന്നുമാത്രമല്ല തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ മുമ്പുണ്ടായിരുന്നതിൽ നിന്നും യാതൊരു കുറവും വന്നിട്ടില്ല. 18 വാട്ട്, 24 വാട്ട് LED ബൾബുകളുടെ വൈദ്യുതി ചാർജ് 12 മണിക്കൂറിന് യഥാക്രമം 18, 24 രൂപ മാത്രമായിരിക്കെ 40, 60 വാട്ട് സാധാരണ ബൾബുകൾക്ക് ഇതിന്റെ നാലിരട്ടി വരുന്ന തുകയായ യഥാക്രമം 79 രൂപ, 121 രൂപ, വീതമാണ് നൽകേണ്ടിവരുന്നത്. സോഡിയം വേപ്പർ ലാമ്പുകളും സാധാരണ ബൾബുകളും സി.എഫ്.എൽ ലാമ്പുകളും നിലവിൽ ഒരിടത്തും തെരുവുവിളക്കുകളായി ഉപയോഗിക്കുന്നില്ല.ഈ സാഹചര്യത്തിൽ നിലവിലില്ലാത്ത ബൾബുകളുടെ വൈദ്യുതി ചാർജ്ജായി വൻതുകയാണ് പഞ്ചായത്ത് ചെലവഴിച്ചുകൊണ്ടിരിക്കുന്നത്. പുതുതായും അറ്റകുറ്റപ്പണി നടത്തിയും സ്ഥാപിക്കുന്ന തെരുവുവിളക്കുകൾ എൽ.ഇ.ഡി ലാമ്പുകളാണെങ്കിലും ഇവയുടെ വിവരം കെ.എസ്.ഇ.ബിയെ യഥാസമയം അറിയിച്ച് താരിഫിൽ വ്യത്യാസം വരുത്തുന്നുവെന്ന് ഉറപ്പാക്കാത്തതിനാൽ ഉയർന്ന വില നൽകി പരിപാലിക്കുന്ന എൽ.ഇ.ഡി ബൾബുകളുടെ ഊർജ്ജക്ഷമതയുടെ പ്രയോജനം പഞ്ചായത്തിന് ലഭിക്കുന്നില്ല. കെ.എസ്.ഇ.ബി ക്കാകട്ടെ കുറഞ്ഞ ഉപഭോഗത്തിന് ഉയർന്ന നിരക്കും ലഭിക്കുന്ന സ്ഥിതിയാണ്. കെ.എസ്.ഇ.ബി യുമായി സംയുക്ത പരിശോധന നടത്തി ഉപയോഗിക്കാത്ത സാധാരണ തെരുവുവിളക്കുകളെയടക്കം ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതിനും കൃത്യമായ വൈദ്യുതി ചാർജ് നിർണ്ണയിച്ച് അടക്കുന്നതിന് നടപടി സ്വീകരിക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.21/15.2.2023) മറുപടി ലഭ്യമായിട്ടില്ല. കെ.എസ്.ഇ.ബി യുമായി സംയുക്ത പരിശോധന നടത്തി ഉപയോഗിക്കാത്ത സാധാരണ തെരുവുവിളക്കുകൾ- സോഡിയം വേപ്പർ ലാമ്പുകൾ, സാധാരണ ബൾബുകൾ,സി.എഫ്.എൽ ലാമ്പുകൾ മുതലായവ ലിസ്റ്റിൽ നിന്നും ഒഴിവാക്കി താരിഫിൽ ആവശ്യമായ മാറ്റം വരുത്തി കൃത്യമായ വൈദ്യുതി ചാർജ് കണക്കാക്കി അടക്കുന്നതിന് നടപടികൾ സ്വീകരിച്ച് രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

1-39 മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ -ചെലവുരേഖകൾ ഹാജരാക്കിയിട്ടില്ല- 20000/- രൂപ തടസ്സപ്പെടുത്തുന്നു

ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലെ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി ശുചിത്വമിഷൻ ഫണ്ടിൽ നിന്നും വൗച്ചർ നമ്പർ 12100070 തീയതി 30.04.2021 പ്രകാരം 130000/- രൂപ , 25.03.22 തീയതിയിൽ 130000/-രൂപ (നേരിട്ട് വാർഡ് തല സാനിട്ടേഷൻ സമിതിയുടെ ജോയിന്റ് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ആയിട്ടുള്ളത്-ബിംസ്, ബി.ആർ.എൻ നം-2112045208430134139O, തീയതി 25.03.22 ) ഉൾപ്പെടെ 260000/- രൂപ (ഓരോ വാർഡിനും 20000/- രൂപ വീതം ) വാർഡ് തല സാനിട്ടേഷൻ സമിതിയുടെ (ജെ.പി.എച്ച്.എൻ & വാർഡ് മെമ്പർ) ജോയിന്റ് അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ നിന്നും ചുവടെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു.
1) വാർഡ് 13 ന് നൽകിയ 20000/- രൂപയുടെ ചെലവുരേഖകൾ പരിശോധനക്കായി ലഭ്യമായിട്ടില്ല.
2) വാർഡ് 12 ലെ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി നൽകിയ 20000/- രൂപയിൽ(അക്കൗണ്ട് നമ്പർ – എസ്.ബി.ഐ കല്ലൂർക്കാട് ബ്രാഞ്ച്-6704026344-3 ) 19100/-രൂപയാണ് ചെലവഴിച്ചിട്ടുള്ളത് . ചെലവഴിക്കാതെ ബാക്കിയുള്ള തുകയായ 900/- രൂപ ശുചിത്വ മിഷൻ ഫണ്ടിൽ തിരിച്ചടച്ചിട്ടുള്ള രേഖകൾ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല
3) വാർഡ് 1, 8 എന്നിവയ്ക്ക് നൽകിയ 20000/- രൂപയുടെ വരവ് -ചെലവ് വിവരങ്ങൾ കാണിക്കുന്ന ബാങ്ക് പാസ്സ്ബുക്ക്/സ്റ്റേറ്റ് മെന്റ് പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.
മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.24/16.2.2023) മറുപടി ലഭ്യമായിട്ടില്ല. ക്രമ നം.1, 2, 3 ലെ അപാകതകൾ പരിഹരിച്ച് രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്. ചെലവുരേഖകൾ പരിശോധനക്കായി ലഭ്യമാക്കുന്നതു വരെ വാർഡ് നം.13 ലെ ശുചീകരണ പ്രവർത്തനങ്ങൾക്കായി നൽകിയ 20,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-40 ജീവനക്കാരുടെ ആർജിതാവധി പണമാക്കി മാറ്റൽ - തുക തടസ്സപ്പെടുത്തുന്നു.

2021-22 സാമ്പത്തിക വർഷത്തിൽ കേരളത്തിലെ സർക്കാർ, അർദ്ധ-സർക്കാർ, സർവ്വകലാശാലകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവങ്ങളിലെ ഓഫീസ് അറ്റൻഡന്റ്, ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ എന്നിവരൊഴികെയുള്ള എല്ലാ വിഭാഗം ജീവനക്കാരുടേയും ആർജിതാവധി പണമാക്കി മാറ്റുന്നതിനുള്ള (Periodical Surrender Of Earned Leave) അവകാശം പല തവണകളായി താല്ക്കാലികമായി മാറ്റിവെച്ചു കൊണ്ട് സർക്കാർ വിവിധ ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. 2020-21 സാമ്പത്തിക വർഷം തന്നെ 05.11.2020-ലെ സ.ഉ.(അ) നം. 152/2020/ധന. നമ്പർ ഉത്തരവിലൂടെ 2021-22 സാമ്പത്തിക വർഷത്തെ ആർജാതാവധി സറണ്ടർ 31/05/2021 വരെ സർക്കാർ നീട്ടിയിരുന്നു. തുടർന്നും ഇത് 01.06.2021 മുതൽ 6 മാസത്തേക്കു കൂടി മാറ്റിവെച്ചു കൊണ്ട് G.O(P) No. 104/2021/ Fin. Dated 26/07/2021 നമ്പർ പ്രകാരവും ഇപ്രകാരമുള്ള നിരോധനം 01/12/2021 മുതൽ 31/03/2022 വരെ ദീർഘിപ്പിച്ചുകൊണ്ട് G.O(P) No. 160/2021/ Fin. Dated 01/12/2021 നമ്പർ പ്രകാരവും സർക്കാർ ഉത്തരവിട്ടിരുന്നു.
2021-22 സാമ്പത്തിക വർഷം ഇപ്രകാരം വിവിധ ഉത്തരവുകൾ വഴി സംസ്ഥാനത്തെ എല്ലാ സർക്കാർ നിയന്ത്രണമുള്ള സ്ഥാപനങ്ങളിലേയും ജീവനക്കാരുടെ ആർജിതാവധി സറണ്ടർ ആനുകൂല്യം പണമാക്കി മാറ്റുന്നതിനുള്ള അവകാശം പൊതുവെ മാറ്റിവെക്കപ്പെട്ടിട്ടുണ്ടെന്നിരിക്കെ, ഈ കാലയളവിൽ

ആർജിതാവധി പണമാക്കി മാറ്റാൻ പ്രത്യേക സർക്കാർ അനുവാദമോ ഉത്തരവോ ഇല്ലാതെ പഞ്ചായത്തിലെ താഴെ പറയുന്ന ജീവനക്കാർ അവരുടെ 30 ദിവസത്തെ ആർജിതാവധി പണമാക്കി കൈപ്പറ്റിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ജീവനക്കാരന്റെ പേര് | തസ്തിക | കൈപ്പറ്റിയ തുക | വൗച്ചർ നമ്പർ/തീയതി |
|---|---|---|---|---|
| 1 | ഷൈജു വർഗ്ഗീസ് | സെക്രട്ടറി | 69042/- | 22100146/02.06.21 |
| 2 | ഹസീന പി മൈതീൻ | അസിസ്റ്റന്റ് സെക്രട്ടറി | 58386/- | 22100145/02.06.21 |
| 3 | യമുന എം.ബി | ഹെഡ് ക്ലർക്ക് | 57054/- | 22100145/02.06.21 |
| 4 | അരുൺ .സി | അക്കൌണ്ടന്റ് | 57054/- | 22100145/02.06.21 |
| 5 | വിദ്യ.എസ് | സീനിയർ ക്ലർക്ക് | 40515/- | 22100145/02.06.21 |
| 6 | സന്ധ്യ .ഇ.യു | സീനിയർ ക്ലർക്ക് | 50616/- | 22100257/23.07.21 |
| 7 | സരിത .എസ് | ക്ലർക്ക് | 34521/- | 22100145/02.06.21 |
| 8 | എസ്.എം തോമസ് | ക്ലർക്ക് | 53058/- | 22100144/02.06.21 |
| ആകെ | | | 420246 /- | |

മേൽ പറഞ്ഞത് പ്രകാരമുള്ള തുകകൾ പ്രത്യേക സർക്കാർ അനുവാദമോ ഉത്തരവോ ഇല്ലാതെ ക്രമവിരുദ്ധമായി കൈപ്പറ്റിയിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ കൈപ്പറ്റിയ ആർജിതാവധി സറണ്ടർ തിരികെ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുകയോ ആനുപാതിക ആർജിതാവധി ലീവ് അക്കൗണ്ടിൽ റീ ക്രെഡിറ്റ് ചെയ്യുകയോ ചെയ്തിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20/15.2.2023) ലഭ്യമായ മറുപടിയിൽ ജീവനക്കാർ ആർജിതാവധി സറണ്ടർ ചെയ്യുന്ന സമയത്ത് ആനുകൂല്യം എടുക്കുന്നതിനുള്ള അവകാശം സർക്കാർ നിഷേധിച്ചിരുന്നില്ല എന്നാണ്.
2021-22 സാമ്പത്തിക വർഷത്തെ ആർജാതാവധി സറണ്ടർ 01.06.2021 മുതൽ മുൻകാലപ്രാബല്യത്തോടെ 6 മാസത്തേക്ക കൂടി മാറ്റിവെച്ചു കൊണ്ടും (G.O(P) No. 104/2021/ Fin. Dated 26/07/2021) ഈ നിരോധനം 01/12/2021 മുതൽ 31/03/2022 വരെ ദീർഘിപ്പിച്ചു കൊണ്ടും (G.O(P) No. 160/2021/ Fin. Dated 01/12/2021) സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ 2021-22 സാമ്പത്തിക വർഷം പൂർണ്ണമായി ആർജിതാവധി സറണ്ടർ അനുവദിച്ചിട്ടില്ല എന്ന് വ്യക്തമാണ്. ഈ കാലയളവിൽ കൈപ്പറ്റിയ ആർജിതാവധി സറണ്ടർ ക്രമീകരിച്ചത് സംബന്ധിച്ച് സർക്കാർ അനുമതിയും ഹാജരാക്കിയിട്ടില്ല. ആയതിനാൽ സർക്കാർ നിർദ്ദേശമില്ലാതെ കൈപ്പറ്റിയ ആർജിതാവധി സറണ്ടർ തുക 420246 /-രൂപ തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 വെള്ളാരംകല്ല് പി.യു.പി സ്കൂൾ വൈദ്യുതീകരണം - കരാറുകാരന് അധിക തുക നൽകി

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | : | 134/22 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | എച്ച്.എം.പി.യു.പി സ്കൂൾ വെള്ളാരംകല്ല് |
| കരാറുകാരൻ | : | പോൾ.ടി.കെ (3% കുറവ്) |
| എം.ബുക്ക് | : | -- |
| എസ്റ്റിമേറ്റ് | : | 37747/- |
| സാങ്കേതികാനുമതി തുക | : | 44000/- |
| നൽകിയ തുക | | 42680/- |
| ബിൽ നം. | : | 1/21.3.22 |

എച്ച്.എം. നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ പ്രസ്തുത പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകളുള്ളതായി കാണുന്നു.

1. പ്രസ്തുത പ്രവൃത്തിയുടെ അളവുകൾ എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

2. ബിൽ (മെമ്മോറാണ്ടം ഓഫ് പേയ്മെന്റ്) തയ്യാറാക്കിയിട്ടില്ല.

3.എസ്റ്റിമേറ്റിന്റെ പകർപ്പിൽ Valuation Certificate എന്ന് രേഖപ്പെടുത്തി എൽ.എസ്.ജി.ഡി എറണാകുളം , DLTCE Member ശ്രീ. എം.ആർ ഉദയഭാനു നൽകിയ Valuation Certificate ന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയിട്ടുള്ളത്. പ്രസ്തുത സാക്ഷ്യപത്രത്തിൽ എസ്റ്റിമേറ്റ് തുകയുടെ 3% കുറച്ച് ( 44000-1320) 42680/- രൂപ അനുവദിക്കാവുന്നതാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

എന്നാൽ വാല്യുവേഷൻ പ്രകാരമുള്ള യഥാർത്ഥ മൂല്യം - 37747/-

ഇത് പ്രകാരം അനുവദിക്കാവുന്ന തുക താഴെ പറയുന്നു.

| | | |
|---|---|---|
| പ്രവൃത്തി മൂല്യം | | - 37747 /- |
| (-) ടെണ്ടർ കുറവ് 3% | - | 1132/- |
| | | 36615/- |
| (+) ജി.എസ്.ടി 12% | - | 4394/- |
| | | 41009/- |
| അധികം നൽകിയത് | | - 1671/- |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനും അധികം നൽകിയ തുക തിരികെ ഈടാക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.28/21-22) മറുപടി ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ അധികം നൽകിയ തുക ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക തിരികെ ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

2021-22 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായാണ് വാർഷികധനകാര്യപത്രിക പരിശോധിച്ചത്.

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 63730 | അങ്കണവാടി പോഷകാഹാരം | 63730 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 200000 | ഭിന്നശേഷി വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 150000 | ലൈഫ് ഭവനപദ്ധതി - ജനറൽ | 150000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 88691 | നെൽകൃഷി വികസനം | 88691 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 275000 | ക്ഷീരകർഷകർക്ക് ഇൻസെന്റീവ് | 275000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 340000 | ലൈഫ് ഭവനപദ്ധതി - എസ് സി | 340000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 200000 | ചാറ്റുപാറ മുതൽ തോണിക്കുഴി വരെ പൈപ്പ് ലൈൻ നീട്ടൽ | 200000 | 0 |
| ആകെ | | 1317421 | | 1317421 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 195689 | ഭിന്നശേഷി വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് | 195689 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 200000 | ലൈഫ് ഭവനപദ്ധതി - ജനറൽ | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 259381 | നെൽകൃഷി വികസനം | 259381 | 0 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2021-22 | 74000 | ക്ഷീരകർഷകർക്ക് ഇൻസെന്റീവ് | 74000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 200000 | ലൈഫ് ഭവനപദ്ധതി - എസ് സി | 200000 | 0 |
| ആകെ | | 929070 | | 929070 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നല്കിയ തുക | വൗച്ചർ നം./ തീയതി | ചെലവ ഴിച്ച തുക | ചെലവഴി ക്കുവാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | ചാറ്റുപാറ മുതൽ തോണിക്കുഴി വരെ പൈപ്പ് ലൈൻ നീട്ടൽ | 600000/- | | 0 | 600000/- |
| കേരള ഇലക്ട്രിസിറ്റി ബോർഡ് | 8-ാം വാർഡിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 75578/- | | 22801/- | 52777/- |
| കേരള വാട്ടർ അതോറിറ്റി | വഴിയാഞ്ചിറ - മുടിപ്പുറം പൈപ്പ് ലൈൻ നീട്ടൽ | 300000/ | | 0 | 300000/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. 2021-22 വർഷം വായ്പ തിരിച്ചടച്ചതിന്റെയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി KURDFC | സ. ഉ. (കൈ) 68/2018/ ത.സ്വ.ഭ.വ., തീ 18.05.2018 | 8620000 | 7241333 | 1275999 | 0 | 5965334 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 2(6) | 2006 -07 | 3.39.1 | മരാമത്തു പണികൾക്കും മറ്റും മുൻകൂർ കൈപ്പറ്റിയിട്ട് പണി പൂർത്തിയാക്കിയില്ല. | മറുപടി സമർപ്പിച്ചിട്ടുണ്ട് |

4-9 ചാർജ്/സർച്ചാർജ് നടപടികളുടെ വിവരം

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,48,09,975 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,18,52,098 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,671 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 14,73,193 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | - | 1,671/- | എം.ആർ. ഉദയഭാനു പാനൽ എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-31 | 10,21,070 | ഷൈജു വർഗ്ഗീസ്, സെക്രട്ടറി |
| 1-32 | 11,877 | ഡോ ബ്ലെസി പോൾ, മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി |
| 1-39 | 20,000 | ഷൈജു വർഗ്ഗീസ്, സെക്രട്ടറി |
| 1-40 | 4,20,246 | ഷൈജു വർഗ്ഗീസ്, സെക്രട്ടറി |
| ആകെ | 14,73,193 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഷൈജു വർഗ്ഗീസ് സെക്രട്ടറി | സെക്രട്ടറി, മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്ത് | മുട്ടംപുറത്ത്, അടിമാലി പി ഒ. |
| ഡോ ബ്ലെസി പോൾ മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി | മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി, കല്ലൂർക്കാട്, | റോസ് വില്ല, ഐ.എം.എ. വില്ലേജ്, കരിങ്കുന്നം |
| എം.ആർ. ഉദയഭാനു പാനൽ എഞ്ചിനീയർ | പാനൽ എഞ്ചിനീയർ കല്ലൂർക്കാട് ഗ്രാമപഞ്ചായത്ത് | ഉഷസ്, രാമപുരം ബസാർ PO, കോട്ടയം |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ.എഫ്.ഇ (പി 5)769/07 തീ. 13.08.2009 |
| 1997-98 | എൽ.എഫ്.ഇ (പി 5) 84/03തീ. 05.11.2003 |

| | |
|---|---|
| 1998-99 | എൽ.എഫ്.ഇ (പി 5)379/07 തീ. 26.04.2008 |
| 1999-2000 | എൽ.എഫ്.ഇ (പി 5)856/01 തീ. 07.06.2002 |
| 2000-01 | എൽ. എഫ് .ഇ (പി 5)962/05 തീ.05.04.2006 |
| 2001-02 | എൽ. എഫ് .ഇ (പി 5) 1380/07 തീ.26.07.2008 |
| 2002-03 | കെ.എസ്.എ.(ഇ.കെ.എം.) പി.8/716(i) 2018/ 12.10.2018 |
| 2005-06 | കെ.എസ്.എ.(ഇ.കെ.എം.) പി.8/716(iv) 2018/ 12.10.2018 |
| 2006-07 | കെ.എസ്.എ.(ഇ.കെ.എം.) പി.8/716(v) 2018/ 12.10.2018 |
| 2007-08 | എൽ.എഫ് .ഇ (പി 5)1628/08 തീ. 12.08.2009 |
| 2008-09 | കെ.എസ്.എ.(ഇ.കെ.എം.) പി.8/716(vi) 2018/ 12.10.2018 |
| 2009-10 | കെ.എസ്.എ.(ഇ.കെ.എം.) പി.8/716(vii) 2018/ 12.10.2018 |
| 2010-11 | കെ.എസ്.എ.(ഇ.കെ.എം.) പി.8/716(viii) 2018/ 12.10.2018 |
| 2011-12 | |
| 2012-13 | കെ.എസ്.എ.(ഇ.കെ.എം.) പി.8/716(ix) 2018/ 12.10.2018 |
| 2013-14 | |
| 2014-15 | കെ.എസ്.എ.(ഇ.കെ.എം.) പി.8/716(x) 2018/ 12.10.2018 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം.(പി8)41/17 തീ.31.01.2017 |
| 2016-17 | കെ.എസ്.എ.ഇ.കെ.എം.(പി8)1400/17 തീ.27.11.2017 |
| 2017-18 | കെ.എസ്.എ.-ഇ.കെ.എം.(പി8)157/19 തീ.18.03.2019 |
| 2018-19 | കെ.എസ്.എ.-ഇ.കെ.എം.(പി8)345/20 തീ.16.03.2020 |
| 2019-20 | കെ.എസ്.എ.-ഇ.കെ.എം.(പി8)1806/2021, തി. 06/04/2022 |
| 2020-21 | കെ.എസ്.എ.-ഇ.കെ.എം.(പി8)1807/2021, തി. 06.04.2022 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ കല്ലൂർകാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ കല്ലൂർകാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്